# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 35  ലക്കം ഫെബ്രുവരി 2017  വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്


# കാൽവരിയിലെ ദിവ്യരക്തസാക്ഷി

**കർത്താവേ, കാൽവരിയിലെ ദിവ്യരക്തസാക്ഷി,
അങ്ങേ സ്നേഹത്തിന്റെ
രഹസ്യാത്മകമായ പദ്ധതിക്കുവേണ്ടി
അങ്ങയുടെ കാസയിലെ
കയ്പേറിയ ഏതാനും തുള്ളികൾ
രുചിച്ചുനോക്കുവാൻ
അങ്ങ് എന്നെ അനുവദിച്ചുവല്ലോ!
എന്നാൽ എന്റെ മാനുഷികത
അതിന് എന്നെ അനുവദിക്കുന്നില്ല.
കർത്താവേ, ഈ കാസ എന്നിൽനിന്നും
അകറ്റിക്കളയണമേ എന്ന്
ഉച്ചത്തിൽ നിലവിളിച്ചു പ്രാർത്ഥിക്കുവാൻ
ഞാൻ പ്രലോഭിപ്പിക്കപ്പെടുന്നു.
എന്നാൽ എളിമയോടുകൂടി
ശിരസ്സ് നമിച്ചുകൊണ്ട്
'ഇതാ ഞാൻ' എന്നു പറയുവാൻ
നിന്റെ കൃപ എന്നെ പ്രാപ്തനാക്കട്ടെ.
നാഥാ, വേദനകളെ
പാപത്തിന്റെ ശിക്ഷയായി കാണാതെ
സ്നേഹത്തിന്റെ അടയാളമായി കാണുന്നതിന്
എന്നെ സഹായിക്കണമെ.
ദിവ്യനാഥാ,
വിശുദ്ധീകരിക്കുന്നതിനുള്ള വലിയ ഒരു
മാധ്യമമായി സഹനത്തെ കാണുവാൻ
എന്നെ സഹായിക്കണമെ.
എന്റെ വിശുദ്ധീകരണത്തിന്റെ
ചവിട്ടുപടികളായി അവയെ മാറ്റേണമേ.
എനിക്കുവേണ്ടി കഠോരമായ വേദന സഹിക്കുവാൻ
തിരുമനസ്സായ ഈശോയേ,
അങ്ങയുടെ ഈ സ്നേഹം മനസ്സിലാക്കുവാൻ
എന്നെ സഹായിക്കണമെ.
അങ്ങനെ ക്രൂശിതനായ അങ്ങയോടും
അങ്ങേ മാധുര്യമുള്ള അമ്മയുടെ
അവർണ്ണനീയമായ സഹനത്തോടും
ഞാൻ ഒന്നായിത്തീരട്ടെ. ആമ്മേൻ**


പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

**വാല്യം 35 നോമ്പ് ലക്കം ഫെബ്രുവരി 2017**

***"ഇതാണ് ദൈവഹിതം, നിങ്ങളുടെ
വിശുദ്ധീകരണം"*** (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
അനു കുരിശുംമൂട്ടിൽ എ.ഒ.
ജിസ കുട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ
റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ
വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.
മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ലിജോ കരിന്തകരയ്ക്കൽ എ.ഒ.**



**വാർഷിക വരിസംഖ്യ ₹100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്
സ്പിരിച്ച്വാലിറ്റി സെന്റർ
മാങ്ങാനം പി. ഒ.
കോട്ടയം 686 018
ഫോൺ: 9497588192, 0481-2578192
Email: psmktm@gmail.com**


## ഉള്ളടക്കം


- കുരിശ് മഹത്ത്വത്തിന്റെ ഗീതം 05
- സഭ: മിശിഹായിൽ ഒന്നായിരിക്കേണ്ട സമൂഹം 07
- ഈശോയോടൊത്തായിരിക്കാൻ 10
- സെനക്കിൾ തരംഗം 13
- 'ടച്ച്' ചെയ്ത ജീവിതങ്ങൾ 14
- വീണ്ടെടുപ്പ് 17
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- ദൈവകരുണ: ആനന്ദത്തിന്റെ ഉറവിടം 20
- മാനസാന്തരത്തിന്റെ ആവശ്യകത 22
- അച്ചാ, റേയ്ഞ്ച് പോയി 25
- പിശാചിന്റെ സുന്ദരമായ ആയുധം 27
- ദൈവപരിപാലനയുടെ അത്ഭുതങ്ങൾ 29
- കുരിശിന്റെ വഴി - രക്ഷയുടെ വഴി 31

# അനന്തവിഹായസ്സിലുയർന്ന ക്ഷമ

**വീ**ണ്ടും ഒരു നോമ്പുകാലംകൂടി വന്നെത്തിയിരിക്കുന്നു. തിരിഞ്ഞുനോട്ടത്തിനും തിരിച്ചറിവുകൾക്കും തിരുത്തലുകൾക്കുമായി നല്കപ്പെട്ടിരിക്കുന്ന കാലഘട്ടമാണിത്. ജീവിതമാകുന്ന കാൻവാസിൽ പറ്റിപ്പിടിച്ച കറകളും കുറവുകളും കണ്ടെത്തി, ഉപവാസത്തിന്റെയും തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും നവീകരണത്തിന്റേതുമായ ശുദ്ധജലത്താൽ കഴുകി വെണ്മയുടെ പ്രഭ ചൊരിയാനുള്ള പുണ്യനാളുകൾ... ഈശോമിശിഹാ അന്തിമോപദേശമായി നല്കിയ സ്നേഹത്തിന്റെ കല്പന ജീവിതചെയ്തികളിൽ പ്രകടമായിരുന്നോ എന്നു വിചിന്തനം ചെയ്യാനുള്ള ധന്യനിമിഷങ്ങൾ...

കുരിശിലാണ് ദൈവസ്നേഹത്തിന്റെ പൂർണ്ണത നാം ദർശിക്കുന്നത്. കുരിശിലാണ് ക്ഷമയുടെ മഹനീയ മാതൃക നാം കാണുന്നത്. പഠിപ്പിച്ചവയെല്ലാം പ്രാവർത്തികമാക്കിയ ഈശോയുടെ അവസാന മൊഴികളിലൊന്ന് ഭൂമിയിലെങ്ങും ക്ഷമയുടെ ധ്വനിയുയർത്തി: "പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല"(ലൂക്കാ 23,34). സുഖസൗകര്യങ്ങളുടെ ചപ്രമഞ്ചത്തിലിരിക്കുന്നവനിൽനിന്നല്ല, മനുഷ്യനു സങ്കല്പിക്കാൻ കഴിയാത്തവിധം ശാരീരിക-മാനസിക-ആത്മീയ പീഡനങ്ങളേറ്റു കുരിശിന്റെ വിരിമാറിൽ ഉയർത്തപ്പെട്ട് അവസാനശ്വാസത്തിനായി പിടയുന്നവനിൽനിന്നാണ് അനന്തമായ ക്ഷമയുടെ ഈ സ്വരമുയർന്നത്. കഠോരമായ പീഡനങ്ങളാൽ വികൃതമായ മുഖത്തുനിന്നാണ് സ്നേഹത്തിന്റെ സൗന്ദര്യം വഴിഞ്ഞൊഴുകുന്ന തിരുവചസ്സുയർന്നത്.


'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' (യോഹ 13,34-35) എന്ന കർത്താവിന്റെ അന്ത്യശാസനം പ്രായോഗികമാക്കണമെങ്കിൽ നമുക്കേറ്റം ആവശ്യമായിരിക്കുന്നത് ക്ഷമയാണല്ലോ. വ്യക്തികൾക്കിടയിൽ മുതൽ കുടുംബം, സമൂഹം, രാഷ്ട്രം, മതം, വർഗം തുടങ്ങിയ തലങ്ങൾ വരെ സ്നേഹത്തിന്റെ അഭാവം അനുഭവപ്പെടുന്നത് വ്യവസ്ഥകളില്ലാത്ത ക്ഷമയുടെ കുറവുമൂലമാണ്. ഈ നോമ്പുകാലത്ത് ക്ഷമയെന്ന പുണ്യത്തിൽ വളരാൻ നമുക്കു ശ്രമിക്കാം. മനസ്സിൽനിന്നും മായാത്ത ക്രൂശിതന്റെ രൂപം അതിനു നമ്മെ സഹായിക്കട്ടെ.

**ചീഫ് എഡിറ്റർ**

പൂമൊട്ടുകൾ

# കുരിശ് മഹത്ത്വത്തിന്റെ ഗീതം

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
**റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി**



**"ഈ**ശോമിശിഹായുടെ സ്ഥാനക്കാരന്റെ (representative) യഥാർത്ഥ ഇടം കുരിശാണ്". ബനഡിക്റ്റ് പതിനാറാമൻ പാപ്പയുടെ *ലാസ്റ്റ് ടെസ്റ്റമെന്റ്* (2016) എന്ന ഗ്രന്ഥത്തിൽ നിന്നുള്ള ഉദ്ധരണിയാണിത്. ക്രൈസ്തവന്റെ അടയാളമാണ്, മുഖമുദ്രയാണ് കുരിശ്. അതിലാണ് അവന്റെ രക്ഷകനും രക്ഷയും. അവിടെയാണ് അവന്റെ പ്രത്യാശയും ജീവനും. കുരിശിനാലാണ് ഓരോ ക്രൈസ്തവനും മുദ്രയിടപ്പെടുന്നതും ആശീർവ്വദിക്കപ്പെടുന്നതും. കുരിശിലുയർത്തപ്പെട്ടവനാണ് ലോകത്തെ തന്നിലേക്ക് ആകർഷിച്ചതും രമ്യപ്പെടുത്തിയതും.

കുരിശ് ക്രൈസ്തവന് ഒരു പീഡനമോ പീഡനോപാധിയോ അല്ല. അത് അവന് കൽപവൃക്ഷവും സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയുമാണ്. കുരിശുവഹിക്കാതെ ക്രൂശിതനായവനെ അനുഗമിക്കാനാവില്ല. കുരിശെടുത്ത് പിന്നാലെ വരുവാനാണവിടുത്തെ ആഹ്വാനം. ആകയാൽ കുരിശ് ക്രൈസ്തവന്റെ അവകാശവും അഭിമാനവും ആത്മരക്ഷയുടെ ആയുധവുമാണ്.

നോമ്പുകാലം കുരിശിന്റെ ദിവ്യരഹസ്യത്തിലൂടെ ജീവിക്കാൻ നാം തീവ്രമായി പരിശ്രമിക്കുന്ന കാലമാണ്. കുരിശിലെ

ത്യാഗത്തെ ധ്യാനവിഷയമാക്കുകയും അത് ജീവിക്കുന്നതിനുള്ള പരിശീലനം നേടുകയും ചെയ്യുന്ന സമയം. പാപമോചനത്തിന്റെ വഴിയാണ് കുരിശ് കാട്ടിതരുന്നത്. അത് ആത്മബലിയർപ്പണത്തിന്റെ വേദിയാണ്. ഈ ബലി വഴിയാണ് മനുഷ്യരക്ഷ സാധ്യമാകുന്നത്. എങ്കിൽ ക്രിസ്ത്യാനിയുടെ ജീവിതം കുരിശിന്റെ വഴിയിലൂടെ ഉത്ഥാനത്തിലേക്കുള്ള യത്രയെന്ന നിലയിൽ ആത്മബലിയായി തീരുന്നതിനുള്ളതാണ്. അതായത് ബലിയായിത്തീരാനുള്ള, മുറിക്കപ്പെടാനുള്ള, സന്നദ്ധത അവനുണ്ടാകണം.

പാപിനിയെ കല്ലെറിയപ്പെട്ടു വധിക്കപ്പെടാതെ കർത്താവു സംരക്ഷിച്ചു. എങ്കിലും അവൾ പാപവഴി ഉപേക്ഷിക്കേണ്ടിയിരുന്നു. പാപത്തിന്റെ ദുർഗന്ധമകറ്റി വിശുദ്ധിയുടെ പരിമളം പരത്തുന്ന മറിയത്തെ, ശിമയോന്റെ ഭവനത്തിൽ വിലയേറിയ സുഗന്ധതൈലം കൊണ്ട് ഈശോയെ അഭിഷേകം ചെയ്യുമ്പോൾ നാം കാണുന്നു. പാപത്തിന്റെ നാണം കെട്ട അവസ്ഥയെ മറക്കുവാൻ മരച്ചില്ലകളുടെ മറവു സൃഷ്ടിച്ച ആദിമാതാപിതാക്കന്മാരുടെ പിൻതലമുറക്കാരനായ സക്കേവൂസിനെ മരച്ചില്ലകൾക്കിടയിൽനിന്നും, സർപ്പം കടന്നുവന്ന മരത്തിന്റെ മുകളിൽനിന്നും, ഈശോ താഴേക്ക് വിളിച്ചിറക്കി. അവന്റെ ഭവനത്തിലേക്ക് കടന്നുവരുവാൻ സന്നദ്ധനായിരിക്കുന്ന ദൈവപുത്രനെ സ്വീകരിക്കുവാൻ സക്കേവൂസിനു പലതും പുറത്തേക്ക് വലിച്ചെറിഞ്ഞ് ശൂന്യനാകേണ്ടിയിരുന്നു. തന്റെ ഭവനത്തിൽ കർത്താവിനിടം നൽകിയപ്പോൾ അവൻ കർതൃഭവനത്തിൽ സ്വീകരിക്കപ്പെട്ടു; അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം വാഴുന്ന ഭവനവാസിയായി, അവരുടെ പുത്രനായി സ്വീകരിക്കപ്പെട്ടു. നാം പരിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ നാം ഈശോയെ സ്വീകരിക്കുകയല്ല നമ്മെ ഈശോ സ്വീകരിക്കുകയാണ് എന്ന് ബനഡിക്റ്റ് പതിനാറാമൻ പാപ്പാ പറയുന്നത് അതുകൊണ്ടാണ്.

പിതൃസ്വത്തുകൊണ്ടു ജീവിതം നിറച്ച ധൂർത്തപുത്രൻ പിതാവിനെയും പിതൃഭവനവും ഉപേക്ഷിച്ചു. എന്നാൽ സ്വത്തു പൂർണ്ണമായും നഷ്ടമായി ശൂന്യതയിൽ എത്തിയപ്പോഴാണ് സ്വഭവനത്തിന്റെ മഹത്ത്വം അവൻ തിരിച്ചറിയുന്നത്. ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. ഇതാണ് കുരിശിന്റെ അനുഭവം. മനുഷ്യപദ്ധതികൾക്കപ്പുറത്ത് ദൈവികപദ്ധതി പ്രതിഷ്ഠിക്കുമ്പോൾ കുരിശ് പ്രത്യക്ഷമാകുന്നു. തങ്ങളുടെ സ്വന്തമായ വഴികളും പദ്ധതികളും ഉപേക്ഷിച്ച് ദൈവഹിതത്തിനും ദൈവികമാർഗ്ഗത്തിനും സ്വയംവിട്ടു കൊടുക്കുമ്പോൾ അവിടെ കുരിശുണ്ട്. അതാണ് രക്ഷയുടെ മാർഗ്ഗം.

നോമ്പുകാലചിന്തകൾ നമ്മെ എത്തിക്കുന്നത് ഈ മാനസാന്തരത്തിലേക്കാണ്, വഴിമാറലിലേക്കാണ്. അതിനുതകാത്ത നോമ്പാചരണം ഫലരഹിതം. അവിടെ ഉയിർത്തെഴുന്നേല്പ് ഉണ്ടാവില്ല. കുരിശിന്റെ വഴി ഉയിർപ്പിന്റെ മഹത്ത്വത്തിലേക്കുള്ളതാണ്. ആ വഴി ഉപേക്ഷിക്കുന്നവന് ഉയിർപ്പിന്റെ മഹത്ത്വവും നഷ്ടമാകുന്നു. സ്വയം ശൂന്യനാക്കുന്നവനാണ് ഉയിർത്തെഴുന്നേൽക്കുക. ഈ ലോകസുഖഭോഗങ്ങളാൽ ജീവിതം ഘനമുള്ളതാകുമ്പോൾ ആഴങ്ങളിലേക്ക് ആണ്ടുപോകും. എന്നാൽ അവ ഉപേക്ഷിക്കുമ്പോൾ ദൈവിക അനന്തവിഹായസ്സിലേക്ക് മനുഷ്യൻ ഉയരും.

ഉപേക്ഷയുടെ ആദ്ധ്യാത്മികത നോമ്പുകാലം നമ്മെ പഠിപ്പിക്കുന്നത് ഉത്ഥാന രഹസ്യത്തിലേക്ക് കടന്നുവരുവാനാണ്. കച്ചയും കച്ചയിൽ സംരക്ഷിക്കപ്പെടുന്ന ഭൗതിക ശരീരവും കുരിശിൽ തറച്ചപ്പോൾ ഉത്ഥിതൻ പിതൃമഹത്ത്വത്തിലേക്ക് കരേറ്റപ്പെട്ടു. മനുഷ്യത്വം സ്വീകരിച്ചപ്പോഴാണ് ദൈവപുത്രൻ പിള്ളക്കച്ചയിൽ പൊതിയപ്പെട്ടത്. അതു കല്ലറയിൽ ചുരുട്ടിമാറ്റിവച്ചശേഷമാണവിടുന്ന് ഉത്ഥാനം ചെയ്തത്. മനുഷ്യപാപത്തിന്റെ കച്ച മാറ്റപ്പെടണം, ഉപേക്ഷിക്കപ്പെടണം, ക്രൂശിക്കപ്പെടണം.





**സെനക്കിൾ ആദ്ധ്യാത്മികത - 40**



# സഭ: മിശിഹായിൽ ഒന്നായിരിക്കേണ്ട സമൂഹം

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

**ഈശോയുടെ പ്രാർത്ഥനയുടെ വിഷയം**

സെനക്കിളിലെ ഈശോയുടെ പ്രാർത്ഥനയുടെ പ്രധാനപ്പെട്ട വിഷയം തന്റെ ശിഷ്യരുടെയും തന്നിൽ വിശ്വസിക്കുന്നവരുടെയും ഐക്യമാണ്. തന്റെ ശിഷ്യർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ ഈശോ ഇപ്രകാരം പ്രാർത്ഥിച്ചു: "പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നല്കിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങു കാത്തുകൊള്ളണമേ" (യോഹ 17,11). തന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ വീണ്ടും അവിടുന്ന് പ്രാർത്ഥിച്ചു: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും... വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17,23). തുടർന്ന് ഈശോ പറയുന്നു: "അവർ പൂർണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു" (യോഹ 17,23). ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹമായ സഭയുടെ ഐക്യം എത്രമാത്രം പ്രാധാന്യമർഹിക്കുന്നതും അടിസ്ഥാനപരവുമാണെന്ന് ഈ പ്രാർത്ഥന വ്യക്തമാക്കുന്നു.

**ഐക്യം: ത്രിത്വകൂട്ടായ്മയിൽ**

സഭാസമൂഹത്തിന്റെ ഐക്യം അടിസ്ഥാനപരമായി ത്രിത്വാത്മകമാണ്. 'അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി ... അവരും നമ്മിൽ ആയിരിക്കുന്നതിനുവേണ്ടി' (യോഹ 17,21) എന്നാണല്ലോ ഈശോ പിതാവിനോടു പ്രാർത്ഥിക്കുന്നത്. "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (14,9), 'ഞാനും പിതാവും ഒന്നാണ്' (10,30) എന്നും ഈശോ പറയുന്നു. ഈശോയിൽ വെളിപ്പെടുത്തപ്പെട്ട ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിൽ ഉരുത്തിരിയുന്ന ഐക്യമാണ് സഭയുടെ ഐക്യം. യോഹന്നാൻശ്ലീഹായുടെ ഒന്നാം ലേഖനം ഇതു വ്യക്തമായി പറയുന്നുണ്ട്: "നമ്മുടെ കൂട്ടായ്മയാകട്ടെ, പിതാവിനോടും അവിടുത്തെ പുത്രനായ ഈശോമിശിഹായോടുമാണ്" (1 യോഹ 1,3). പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളും തമ്മിലുള്ള ഐക്യത്തിൽനിന്നുരുത്തിരിയുന്നതും ആ ഐക്യത്തിനനുസൃതവുമായ ഐക്യമാണ് സഭയുടേത് - മാമ്മോദീസായിൽ പരിശുദ്ധ ത്രിത്വം നമ്മിൽ ഓരോരുത്തരിലും വന്നുവസിക്കുന്നു. ത്രിത്വത്തിൽ നാം ഒന്നായിത്തീരുന്നു. ത്രിത്വകുടുംബത്തിലെ അംഗങ്ങളെന്ന നിലയിൽ ദൈവമക്കൾക്കടുത്ത സാഹോദര്യത്തിൽ വർത്തിച്ചുകൊണ്ടാണ് ഈ ത്രിത്വാത്മക ഐക്യം നാം ജീവിക്കേണ്ടത്.

**ഐക്യം: മിശിഹായിൽ**

സഭ മിശിഹായുടെ ശരീരമാണ്. ഉത്ഥാനത്തിലൂടെ ജീവിക്കുന്ന അരൂപിയായി രൂപാന്തരപ്പെട്ട മിശിഹാ (1 കൊറി 15,45) ഇന്ന് മനുഷ്യർക്കു കാണാവുന്നവിധത്തിൽ ജീവിക്കുന്നത് സഭയാകുന്ന തന്റെ ശരീരത്തിലാണ്: "നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമാകാൻ ജ്ഞാനസ്നാനമേറ്റു. യഹൂദരെന്നോ ഗ്രീക്കുകാരെന്നോ, അടിമകളെന്നോ സ്വതന്ത്രരെന്നോ ഭേദംകൂടാതെ ഒരേ ആത്മാവിനെ പാനം ചെയ്യാൻ എല്ലാവർക്കും സാധിച്ചു" (1 കോറി 12,13). അതുകൊണ്ട് ഒരേ ശരീരത്തിലെ അവയവങ്ങളെന്നപോലെ സഭാംഗങ്ങളെല്ലാവരും മിശിഹായിൽ ഒന്നാണ്. ഗലാത്തിയാലേഖനത്തിലെ ശ്ലീഹായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: "മിശിഹായോട് ഐക്യപ്പെടാൻവേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും മിശിഹായെ ധരിച്ചിരിക്കുന്നു. യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല. നിങ്ങളെല്ലാവരും ഈശോമിശിഹായിൽ ഒന്നാണ്" (ഗലാ 3,27-28).


**ഐക്യം: സഭാജീവിതത്തിൽ**

ഈശോ വിഭാവനം ചെയ്ത വിശ്വാസികളുടെ ഐക്യം പ്രായോഗികമാകുന്നത് സഭാതലത്തിലാണ്. സഭാംഗങ്ങളെല്ലാവരും ഒരേ മനസ്സോടും ഒരേ ഹൃദയത്തോടുംകൂടെ സഭാജീവിതത്തിൽ പങ്കുചേർന്നുകൊണ്ടാണ് ഈ ഐക്യം പ്രായോഗികമാക്കുന്നത്. ആദിമസഭയുടെ ജീവിതം ഇതു വ്യക്തമാക്കുന്നുണ്ട്: "അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നിരുന്നു" (നട 2,42). സഭാജീവിതത്തിന്റെ നാലു തലങ്ങളിലുള്ള ഒന്നുചേരലാണ് സഭാത്മകമായ ഐക്യത്തിൽ നമ്മെ വളർത്തുന്നത്. ശ്ലൈഹികാധികാരികതയുള്ള സഭയുടെ വചനസ്വീകരണവേദികളിലും എല്ലാം പങ്കിട്ടനുഭവിക്കുന്ന സഭയുടെ ശുശ്രൂഷാവേദികളിലും കൂദാശകളുടെ കൂദാശയായ പരിശുദ്ധ കുർബാനയിലും സഭയുടെ പ്രാർത്ഥനകളിലും സജീവമായി പങ്കുചേരുന്ന സഭാസമൂഹം ഐക്യത്തിൽ നിലനില്ക്കുകയും വളരുകയും ചെയ്യും.

**ഐക്യം: ശുശ്രൂഷാതലത്തിൽ**

സഭ മിശിഹായുടെ ശരീരമാണെങ്കിൽ ഈ ശരീരം ഐക്യത്തിൽ കെട്ടിപ്പടുക്കപ്പെടുന്നത് സഭാശരീരത്തിന്റെ അവയവങ്ങളുടെ ശുശ്രൂഷയിലൂടെയാണ്. സഭാംഗങ്ങളെല്ലാവരും, ഓരോരുത്തരും, മിശിഹായുടെ ശരീരത്തിന്റെ അവയവങ്ങളെന്ന നിലയിൽ സഭാശരീരത്തെ കെട്ടിപ്പടുക്കുന്ന ശുശ്രൂഷ നിർവഹിക്കുവാൻ വിളിക്കപ്പെട്ടവരാണ്: "നിങ്ങൾ മിശിഹായുടെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1 കൊറി 12,27). ശരീരത്തിലെ അവയവങ്ങളെല്ലാം ശിരസ്സിനോടു ചേർന്നുനിന്ന് അവയുടെ ശുശ്രൂഷ നിർവഹിച്ച് ശരീരത്തെ പടുത്തുയർത്തുന്നതുപോലെ സഭാംഗങ്ങളെല്ലാവരും പുരോഹിതശുശ്രൂഷ നിർവഹിക്കുന്നവരോടു ചേർന്നുനിന്ന് കൂട്ടുത്തരവാദിത്വത്തിൽ അവരുടെ ശുശ്രൂഷ നിർവഹിച്ചുകൊണ്ട് സഭാഗാത്രത്തെ കെട്ടിപ്പടുക്കണം.

ഇപ്രകാരം വിവിധതലങ്ങളിൽ സഭാകൂട്ടായ്മ പ്രാവർത്തികമാകുമ്പോൾ ഈശോയുടെ പ്രാർത്ഥന ഫലമണിയും. സഭൈക്യം ലോകത്തിന്റെ മുമ്പിൽ മിശിഹായ്ക്ക് ഫലപ്രദമായ സാക്ഷ്യമാവുകയും ചെയ്യും.




**ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന**

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./ അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# ഈശോയോടൊത്തായിരിക്കാൻ

**സ്റ്റെഫി മംഗലത്തുകുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും അനുഭവങ്ങളിലേക്കു നമ്മെ ക്ഷണിച്ചുകൊണ്ട് വീണ്ടും ഒരു നോമ്പുകാലംകൂടി വന്നെത്തി. ഈ കാലയളവിൽ തിരുസഭാമാതാവ് വിവിധ പ്രാർത്ഥനകളിലൂടെ നമ്മെ നയിക്കുന്നതും അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കുമാണ്. ഈശോയുടെ നാൽപതു ദിവസത്തെ ഉപവാസത്തെ ഈ കാലത്തിലുടനീളം നാം അനുസ്മരിക്കുന്നു. എന്തിന്? ദൈവത്തിന്റെ ഹിതമനുസരിച്ചു ജീവിക്കുവാനുള്ള ശക്തി നമുക്കു തരുന്നത് തപസ്സും പ്രാർത്ഥനയുമാണെന്നു മനസ്സിലാക്കുവാൻ. ദൈവപുത്രനായിരുന്നിട്ടും അവിടുന്ന്



ഉപവസിച്ചു; ത്യാഗമെടുത്തു; മനുഷ്യർക്കു മാതൃകയായി. പാപമൊഴിച്ച് എല്ലാക്കാര്യങ്ങളിലും അവിടുന്ന് മനുഷ്യർക്കു സമനായി എന്നു തിരുവചനം സാക്ഷിക്കുന്നു. ഒരു നിമിഷം നമ്മിലേക്കു തിരിയാം. ഈശോയെ അടുത്തനുഗമിക്കുന്നവരെന്നവകാശപ്പെടുന്ന നാം -ക്രിസ്ത്യാനികൾ- എല്ലാക്കാര്യങ്ങളും അവിടുന്ന് ചെയ്തതുപോലെ ചെയ്യുന്നുണ്ടോ?

അവിടുത്തെ ജീവിതം എല്ലാവരെയും സ്നേഹിക്കുന്ന ജീവിതമായിരുന്നു. ഓരോരുത്തരുടെയും നന്മ അവിടുന്നു കണ്ടു. എപ്പോഴും സന്തോഷിച്ചു. ദൈവം നമുക്കുതന്ന മാതാപിതാക്കളെയും സഹോദരങ്ങളെയും നാം തിരഞ്ഞെടുത്ത കൂട്ടുകാരെയും മാത്രമല്ല, ആരോരുമില്ലാത്തവരെയും പാപികളെയും ഒക്കെ നമുക്കും സ്നേഹിക്കാം. ഈ ലോകത്തിൽ വേദനയനുഭവിക്കുന്നവർ ഓരോരോരോരുത്തരും നമ്മുടെ സഹോദരങ്ങളാണ്. നമുക്കിഷ്ടമില്ലാത്ത പ്രവൃത്തി ചെയ്യുന്നവരും നമ്മെ ദ്രോഹിക്കുന്നവരും അക്രമികളും കുറ്റവാളികളും ഒക്കെ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരാണ്. നമ്മുടെ കുടുംബത്തിലെ ആരെങ്കിലുമായിരുന്നു ആ സാഹചര്യത്തിലെങ്കിൽ നാമവരോട് എത്ര കരുതലോടെ ഇടപെടുമായിരുന്നു! ഈശോ തന്റെ സ്നേഹിതരിൽനിന്ന് ചുങ്കക്കാരെയും പരസ്യപാപികളെയും ആട്ടിയോടിച്ചില്ല. നമുക്ക് മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കാനെങ്കിലും സാധിക്കും. ആരുമറിയാതെ സ്നേഹിക്കാനുള്ള ഏറ്റവും വലിയ മാർഗ്ഗം പ്രാർത്ഥിക്കുക എന്നതാണല്ലോ. ഇന്നത്തെ ലോകത്തിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പുണ്യങ്ങളാണ് കരുണയും സ്നേഹവുമൊക്കെ. നന്മ വറ്റാത്ത സാമൂഹ്യ പ്രവർത്തകർ തങ്ങൾ അനുദിനം കണ്ടുമുട്ടുന്നവരുടെ കദനങ്ങൾ കണ്ണുനീരോടെ പങ്കുവയ്ക്കുമ്പോൾ, അതു നമ്മുടെ കാതിന് ഇമ്പകരമല്ലാതായിത്തീരുവാനുള്ള കാരണമെന്താണ്? നമുക്കും ഈ ദുരിതം വന്നുകൂടേ? ഒരുപറ്റം യുവജനങ്ങളെ കണ്ടാൽ ഈ ജീവിതം ഈലോകം കൊണ്ടവസാനിക്കുന്നതാണെന്നു തോന്നിപ്പോകും. ഇവിടെ പ്രാർത്ഥനയും ഭക്തകൃത്യങ്ങളും ആവശ്യമുള്ളതായി തോന്നാത്തവർക്ക് എങ്ങനെ നിത്യമായി ദൈവത്തോടൊത്തായിരിക്കുവാൻ സാധിക്കും?

ഈലോകജീവിതം സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗമാണ്. ആ വഴിയിൽ തളരാതെ, വഴിതെറ്റാതെ പോകണമെങ്കിൽ പ്രാർത്ഥനയും പരിത്യാഗവും കൂടിയേ തീരൂ. വയറുനിറഞ്ഞു എന്നുപറഞ്ഞു കളയുന്ന ഓരോ മണി ചോറും വിശപ്പുകൊണ്ടു നിലവിളിക്കുന്ന ഓരോ വ്യക്തിയുടേതുമാണ്. അവ സ്വർഗ്ഗത്തിലേക്കുള്ള യാത്രയിൽ നമുക്കു തടസ്സമായി നിൽക്കും. മനഃപൂർവ്വമല്ലായെങ്കിലും നാം അവഗണിച്ച ആ വ്യക്തികളുടെ കണ്ണുനീർ ദൈവസന്നിധിയിലെത്തുമ്പോൾ ദൈവം ചോദിക്കും - നിന്റെ സഹോദരൻ എവിടെ? സഹോദരങ്ങളുടെ കൈപിടിക്കാതെ സ്വർഗ്ഗത്തിലേക്കു യാത്ര ചെയ്യുവാൻ നമുക്കാവില്ല. അവർ കുറ്റങ്ങളും കുറവുകളുമുള്ളവരാകട്ടെ; എനിക്കുമുണ്ടല്ലോ അതൊക്കെ... എന്റെ ദൈവം എന്റെ കുറവുകൾ ക്ഷമിച്ച് ഈ നിമിഷവും എന്നെ അനുഗ്രഹിക്കുന്നുണ്ടെങ്കിൽ എനിക്കെന്തുകൊണ്ട് എന്റെ സഹോദരങ്ങളുടെ കുറവുകൾ ക്ഷമിച്ചുകൂടാ??? അതുകൊണ്ട് ദൈവം സൃഷ്ടിച്ച ഓരോ വ്യക്തിയിലും നന്മ കണ്ടുകൊണ്ട്, ക്ഷമയുടെ മനോഭാവം പുലർത്തി, മനസ്സിനെ ശാന്തമാക്കി അവരെ സ്വീകരിക്കാം.

ഈശോയുടെ ജീവിതം സന്തോഷമുള്ളതായിരുന്നു. എപ്പോഴും കൂടെ നടന്നവൻ, വെറും മുപ്പതു വെള്ളിക്കാശിന് ഒറ്റിക്കൊടുത്തപ്പോഴും അധികാരമേല്പിച്ചവൻ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞപ്പോഴും മറ്റുള്ളവരൊക്കെ ഓടിയകന്നപ്പോഴും അവിടുന്ന് നിരാ

ശനായില്ല. എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചു എന്നു സ്വാതന്ത്ര്യത്തോടെ ചോദിക്കാൻ മാത്രം അവിടുന്ന് ദൈവത്തോടു ചേർന്നു ജീവിച്ചു. അതുകൊണ്ടാണല്ലോ അങ്ങേ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു എന്നു പറയാൻ അവിടുത്തേക്കായത്. മനസ്സിലാക്കാനാവാത്ത സഹനങ്ങൾ കടന്നുവരുമ്പോൾ, മനസ്സു ശാന്തമാക്കാൻ എന്തു ചെയ്യണമെന്നറിയാതെ വിഷമിക്കുമ്പോൾ ഓർക്കുക... ഇതുപോലെ വേദനിക്കുന്ന അനേകരുണ്ട്. അവരുടെ സഹനങ്ങളെ മനസ്സിലാക്കാൻ നമ്മുടെ വേദനകൾ നമ്മെ സഹായിക്കും. ദൈവം എവിടെ എന്നു ചോദിക്കേണ്ടിവരുമ്പോൾ ഈ ചോദ്യം നിരാശയോടെ ചോദിക്കുന്ന ഓരോരുത്തരെയും നമ്മുടെ പ്രാർത്ഥനയിൽ ചേർത്തുവയ്ക്കുക. ദൈവം പ്രത്യാശ തരും. എന്തിന് എനിക്കിങ്ങനെ വന്നു എന്നു ചിന്തിക്കുമ്പോൾ മനസ്സിലാക്കാം, ദൈവത്തിന് എന്നിലൂടെ പ്രവർത്തിക്കുന്നതിനാണിത്. ഞാൻ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും ദൈവത്തിന്റെ ഉപകരണമാകുന്നതിനാണിത്. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ഈ പുണ്യനാളുകളിൽ അതിനായി നമുക്ക് ശക്തി ആർജ്ജിക്കാം.

# പ്രാർത്ഥനയിൽ നമുക്കു കൈകോർക്കാം



ബഹു. ഫാ. ടോം ഉഴുന്നാലിൽ

**പരിശുദ്ധ കുർബാനയിൽ പ്രാർത്ഥിക്കുവാനായി സീറോ മലബാർ സഭാസിനഡ് നല്കിയ പ്രാർത്ഥന**

‘അവർ എന്നെ പീഡിപ്പിച്ചെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും’ (യോഹ 15,20) എന്നരുൾച്ചെയ്ത ഈശോയേ, സുവിശേഷവേലയ്ക്കായി ജീവിതം സമർപ്പിച്ചിരിക്കുന്ന എല്ലാ പ്രേഷിതർക്കും വിശിഷ്യാ പീഡനങ്ങളുടെയും സഹനങ്ങളുടെയും നടുവിൽ കഴിയുന്നവർക്കും നീയെന്നും തുണയും സങ്കേതവുമായിരിക്കണമേ. നിന്റെ നാമത്തെപ്രതി തീവ്രവാദികളുടെ തടവിൽ കഴിയുന്ന ടോം ഉഴുന്നാലിലച്ചനെ ഞങ്ങൾ ഈ ബലിയിൽ പ്രത്യേകമായി അനുസ്മരിക്കുകയും അച്ചന്റെ മോചനത്തിനായി ഒന്നുചേർന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.



# സെനക്കിൾ തരംഗം

**മി**ശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ഈശോയുടെ പീഡാനുഭവവും മരണവും പ്രത്യേകം അനുസ്മരിക്കുന്ന കാലഘട്ടമാണല്ലോ നോമ്പുകാലം. പിതാവായ ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തുവാൻ വന്ന ദൈവപുത്രനായ മിശിഹായുടെ ദൗത്യനിർവഹണത്തിന്റെ പൂർത്തീകരണമാണ് അവിടുത്തെ പീഡാനുഭവവും മരണവും. ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തി ആ സ്നേഹത്തിലേക്ക് എല്ലാ മനുഷ്യരെയും തിരിച്ചുകൊണ്ടുവന്ന് മനുഷ്യരക്ഷ സാധിക്കുക എന്നതായിരുന്നു അവിടുത്തെ ദൗത്യം. തന്റെ പീഡാനുഭവത്തിലൂടെ ഈ ദൗത്യനിർവഹണമാണ് അവിടുന്നു പൂർത്തിയാക്കിയത്. വി. യോഹന്നാന്റെ സുവിശേഷത്തിലെ മഹത്ത്വത്തിന്റെ പുസ്തകാരംഭത്തിൽ ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്: “ഈലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാതിരുനാളിനുമുമ്പ് ഈശോ അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു” (13,1). നമ്മുടെ ശുശ്രൂഷാജീവിതവും മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തലായി മാറണം. സഹനജീവിതത്തിലൂടെ മാത്രമേ ഇതു സാദ്ധ്യമാകൂ. ഈ നോമ്പുകാലം അപ്രകാരമുള്ള ശുശ്രൂഷാജീവിതത്തിന് ഒരു അവസരമാകട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

**വാർത്തകൾ**

2017 ജനുവരി 21 മുതൽ 28 വരെ റോമിൽവച്ചു നടന്ന അന്തർദ്ദേശീയ എക്യുമെനിക്കൽ കമ്മീഷൻ മീറ്റിംഗിൽ സംബന്ധിക്കുവാൻ റോമിലേയ്ക്കു പോയ ജനറൽ മേജർ ഫാദർ മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ, അവിടെവച്ച് ജനുവരി 30,31 തീയതികളിൽ നടന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗിലും സംബന്ധിച്ചിട്ട് ഫെബ്രുവരി 6-ാം തീയതി ഇന്ത്യയിൽ തിരിച്ചെത്തി. ജനുവരി 27 ന് എക്യുമെനിക്കൽ കമ്മീഷനംഗങ്ങൾക്കു നല്കിയ കൂടിക്കാഴ്ചയിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയെ കാണുവാനും ആശീർവാദം സ്വീകരിക്കുവാനും അവസരം ലഭിച്ചു. മാൾട്ടായിൽനിന്നുള്ള യുവവൈദികൻ ഫാദർ ജോർജ് ജോസഫ് 2017 ഫെബ്രുവരി 2-ാം തീയതി അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിലെ പരിശീലനഘട്ടത്തിലേക്കു പ്രവേശിച്ചു. ജനറൽ മേജർ ഫാദറിന്റെ ഡലഗേഷനോടുകൂടി മാൾട്ടായിലെ നാഷണൽ മേജർ ഫാദർ തർസീസിയോ കമില്ലേരിയാണ് അദ്ദേഹത്തെ ഔദ്യോഗികമായി സ്വീകരിച്ചത്.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# ‘ടച്ച്’ ചെയ്ത ജീവിതങ്ങൾ!!!



സിയന്നയിലെ വി. കാതറിൻ



ജിജി പുല്ലത്തിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

“തപസ്സൊരു രോഗനിരോധനമാർഗം
മനുജനതെന്നുമൊരത്ഭുത ദുർഗം
മായാവലയിതമാശാപാശം
ഉപവാസത്താൽ തകരും നൂനം
നാഥൻപോലും നാല്പതുദിവസം
ഉപവാസത്തിൻ മാതൃക നല്കി.”

സ്നേഹമുള്ള കാതറിൻ, നോമ്പുകാലത്തെ സായാഹ്നപ്രാർത്ഥന ആവർത്തിക്കുമ്പോൾ വരികൾക്കിടയിലൂടെ തെളിഞ്ഞുവരുന്ന നിന്റെ വിശുദ്ധജീവിതം ഞങ്ങളുടെ ജീവിതത്തിലും അന്വർത്ഥമാക്കാൻ പരിശ്രമിക്കട്ടെ. സ്വർഗീയപിതാവിന്റെ ഭവനത്തിൽ വിശുദ്ധരോടുചേർന്ന് നിത്യാനന്ദമനുഭവിക്കുന്ന വി. കാതറിൻ നിന്നെയോർത്ത് ഫ്ളോറൻസ് നഗരം അഭിമാനപുളകിതമാകുകയാണ്.

പ്രിയപ്പെട്ട കാതറിൻ, അമ്മയുടെ വേർപാടിൽ അതീവദുഃഖിതയായ നിന്നെ ആശ്വസിപ്പിക്കാനും ലാളിക്കാനും വളർത്താനും അനന്തസ്നേഹമായ ദൈവം നിനക്ക് അതീവഭക്തയായ അമ്മാമ്മയെ തന്നില്ലേ...? അമ്മാമ്മയുടെ മടിയിലിരുന്നല്ലേ വിശുദ്ധരുടെ ജീവിതകഥകൾ നീ കേട്ടത്. അങ്ങനെയല്ലേ വിശുദ്ധയാകണമെന്ന ആഗ്രഹം നിന്നിൽ അങ്കുരിച്ചത്. സുകൃതസമ്പന്നയായ അമ്മാമ്മയുടെ ‘വളർത്തലിലൂടെ’ വിശുദ്ധയായി ജീവിച്ച കാതറിൻ, മലയാളനാട്ടിലെ അമ്മമാരും അപ്പന്മാരും അദ്ധ്യാപകരുമൊക്കെ നിന്റെ അമ്മാമ്മയുടെ മുമ്പിൽ ലജ്ജിച്ചു തലതാഴ്ത്തുകയാണ്. പെട്രോളൊഴിച്ചു കത്തിക്കുന്ന ആദർശന്മാർ ‘വളർന്നു’വലുതാകുകയാണ്. നവമാദ്ധ്യമങ്ങളാണ് ഞങ്ങളുടെ മക്കളെ വളർത്തുന്നത്. അതുകൊണ്ടാണ്



ജീവനു തുല്യം സ്നേഹിച്ച ഞങ്ങളുടെ മക്കൾ ജീവനെടുക്കുന്നതും ജീവനൊടുക്കുന്നതും! അതൊക്കെക്കണ്ട് ജീവച്ഛവമായിരിക്കുകയാണ് ഞങ്ങൾ... മക്കളുടെ ജീവിതത്തെ ‘ടച്ച് ചെയ്യാൻ’ ഞങ്ങളുടെ ജീവിതങ്ങൾക്കാകുന്നില്ല. എന്താ ഞങ്ങൾ ചെയ്യേണ്ടത്! മുമ്പെങ്ങുമില്ലാത്തവിധം ബ്ലാക്ക് മാസിന്റെയും ഓജോ ബോർഡിന്റെയും സ്വാധീനം വല്ലാതെ വളരുകയാണ്. എവിടെയാണു കുഴപ്പമെന്നു ചിന്തിക്കുമ്പോൾ കുഴപ്പമെല്ലാം ഞങ്ങളിൽത്തന്നെയാണെന്നു തിരിച്ചറിയുകയാണ്. ആത്മീയാന്തരീക്ഷം ഞങ്ങളുടെ കുടുംബങ്ങളിൽനിന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഞങ്ങളുടേതായ രീതിയിൽ ലൗകികരായി മക്കളെ ഞങ്ങൾ വളർത്തുമ്പോൾ ഞങ്ങളുടെ നിയന്ത്രണം വിട്ടുപോകുന്ന മക്കളെയോർത്ത് ഞങ്ങൾ നിലവിളിക്കുകയാണ്. പ്രിയപ്പെട്ട കാതറിൻ, ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം അപേക്ഷിക്കണമേ.

പതിനാലാം വയസ്സിൽ അലക്സാണ്ട്രിയായിലെ ഡൊമിനിക്കൻ സഭയിൽ ചേർന്നപ്പോൾ മുതൽ നീ രോഗബാധിതയായിരുന്നല്ലോ. സഹനത്തിന്റെ ആധിക്യത്തിലും ആനന്ദപ്രദമായി ജീവിക്കുവാൻ നിനക്കു സാധിച്ചത് പീഡാനുഭവത്തെക്കുറിച്ചുള്ള നിന്റെ ധ്യാനമായിരുന്നല്ലോ. കഠോരമായ ശാരീരിക മാനസിക ആത്മീയ പീഡനങ്ങൾ ലഭിച്ചപ്പോഴും, ‘പിതാവേ, എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ’ എന്ന ദിവ്യഗുരുവിന്റെ ദിവ്യവചസ്സുകൾ ജീവിതത്തിൽ അനുവർത്തിച്ചതുകൊണ്ടല്ലേ രോഗത്തിന്റെയും വേദനയുടെയും സഹനങ്ങളുടേതുമായ അനു

> **പ്രപഞ്ചത്തിന്റെ ഏറ്റവും അകലെയുള്ള കോണുകളെപ്പോലും ആശ്ലേഷിക്കാൻ ദൈവം കുരിശിൽ തന്റെ കൈകൾ വിരിച്ചു.**
> **ജറുസലേമിലെ വി. സിറിൾ**



ഭവങ്ങൾ സന്തോഷമായി പകർത്തുവാൻ നിനക്കു സാധിച്ചത്.

ഞങ്ങളുടെ കാര്യം മഹാകഷ്ടമാണ്. രോഗം വരുമ്പോൾ രോഗശാന്തിശുശ്രൂഷാകേന്ദ്രങ്ങളിലേക്ക് ഞങ്ങൾ നെട്ടോട്ടമോടുകയാണ്. ദൈവേഷ്ടത്തിനു വിട്ടുകൊടുക്കാതെ ഞങ്ങൾ കാണിച്ചുകൂട്ടുന്ന പരാക്രമങ്ങളൊക്കെ കാണുന്നുണ്ടല്ലോ... അനുദിന ജീവിതത്തിലെ സഹനങ്ങളെ സന്തോഷമായി പകർത്തുവാൻ ഈശോയോട് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

പ്രായശ്ചിത്തത്തെ പ്രേമിച്ച വി. കാതറിൻ, നിന്റെ പ്രായശ്ചിത്താരൂപിയെക്കാളും അത്ഭുതാവഹമായിരുന്നു നിന്നിലുള്ള എളിമയും ശാന്തതയും അനുസരണവും. ആരെങ്കിലും നിന്നെ സ്തുതിച്ചു സംസാരിക്കുന്നതും എന്തെങ്കിലും ബഹുമാനം കാണിക്കുന്നതും അരോചകമായി അനുഭവപ്പെട്ട നിന്റെ മുമ്പിൽ നില്ക്കാൻ പോലും ഞങ്ങൾ യോഗ്യരല്ല. കാരണം ഞങ്ങൾ സ്തുതിബഹുമാനാദരങ്ങൾക്കുവേണ്ടി ഓടിപ്പാഞ്ഞ് ബഹളംവച്ചു നടക്കുകയാണ്. പേരിനും പ്രശസ്തിക്കുംവേണ്ടി നെട്ടോട്ടമോടുമ്പോൾ, എതിർത്തുനില്ക്കുന്നവരെയെല്ലാം കടിച്ചുകീറുന്ന തെരുവുനായ്ക്കളെപ്പോലെയായി ഞങ്ങളുടെ ജീവിതങ്ങൾ.

നോമ്പിന്റെ പ്രാർത്ഥനാചൈതന്യം നിറഞ്ഞുനിന്ന നിന്റെ ജീവിതത്തിലൂടെ സഭാമാതാവ് ഞങ്ങളെ അനുസ്മരിപ്പിക്കുന്നത് ഈ നോമ്പുകാലത്തെങ്കിലും അന്വർത്ഥമാക്കുവാൻ ഞങ്ങളും പരിശ്രമിക്കട്ടെ:

“നീതിനിറഞ്ഞീടും
കർമ്മം കർത്താവിൻ
പ്രീതി സമാർജിക്കും
നോമ്പിൻസാരം ഭോജ്യങ്ങൾ
വെടിയുകമാത്രവുമല്ലല്ലോ
കോപാസൂയാദികളെല്ലാം
ഉപവാസത്താൽ വെടിയേണം
കർത്താവിൻ കൃപ നാം കണ്ടെത്തും”.

സഹനത്തെ സന്തോഷത്തോടെ സമാശ്ലേഷിച്ച ഈശോയുടെ മണവാട്ടി, നിന്റെ അന്തിമ രോഗം ദീർഘമായിരുന്നല്ലോ. പക്ഷേ, എത്ര സന്തോഷത്തോടെയാണ് രോഗത്തിന്റെ വേദനകൾ നീ സഹിച്ചത്. ‘ഇതാ, കർത്താവിന്റെ ദാസി. നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ’ എന്ന പരി. അമ്മയുടെ അമൃതമൊഴികൾ ആവർത്തിച്ചുകൊണ്ട് 1589 ഫെബ്രുവരി 2-ാം തീയതി കർത്താവിന്റെ മടിയിലേക്ക് എടുക്കപ്പെട്ട നിന്റെ വിശുദ്ധജീവിതം ഞങ്ങളിലും ആവേശമുണർത്തുന്നു. 1845 ൽ പതിനാലാം ബനഡിക്റ്റ് മാർപാപ്പാ പുണ്യവതിയെന്നു പേരുവിളിച്ച നിന്റെ മാദ്ധ്യസ്ഥ്യത്തിലൂടെ പുണ്യചരിതരായി ഞങ്ങളും തീർത്ഥാടനം ചെയ്യട്ടെ.







# വീണ്ടെടുപ്പ്

> **“കർത്താവു ദൈവമായുള്ള ജനവും അവിടുന്നു തനിക്കു വേണ്ടി തിരഞ്ഞെടുത്ത ജനവും ഭാഗ്യമുള്ളവരാണ്.”**
> **(സങ്കീ 33,12)**

**ജൂലി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

“**വി**സ്മയഭരിതരായി അവർ പരസ്പരം ചോദിച്ചു: “ഇതിന്റെ അർത്ഥമെന്ത്? ചിലർ പരിഹാസപൂർവ്വം പറഞ്ഞു: “പുതുവീഞ്ഞ് കുടിച്ച് അവർക്കു ലഹരി പിടിച്ചിരിക്കുന്നു” (നടപടി 2, 12-13). ക്രൂശിതൻ ഒരു ‘ലഹരി’യായി സിരകളിൽ പടർന്നപ്പോൾ നുരഞ്ഞുപൊങ്ങിയത് ‘വീണ്ടെടുക്കലുകളുടെ’ ജീവശ്വാസമായിരുന്നു. മങ്ങിയ തിരി ഊതിക്കെടുത്താതെ ആളിക്കത്തിച്ച രക്ഷകൻ. അവന്റെ സഹനമരണോത്ഥാനം അന്നും ഇന്നും എന്നും ഒരു തിരിച്ചുനടക്കലിന്റെ വഴികാട്ടുന്നു.

കാലത്തിന്റെ ഗതി എത്ര മാറിയാലും ശാശ്വതസത്യം ഒന്നേയുള്ളു. സ്നേഹം! സഹനത്തിന്റെ സൗന്ദര്യം വരച്ചുകാട്ടുന്ന പാതയും ഇതുതന്നെ. അല്ലായിരുന്നുവെങ്കിൽ അവന് ‘ചാട്ടവാർ’ മാത്രം എടുത്താൽ മതിയായിരുന്നു. ഒരു ‘ചുംബന’ത്താൽ വഞ്ചിക്കപ്പെടുമ്പോഴും ഒരു ‘വാക്കാ’ൽ അന്യനാക്കപ്പെടുമ്പോഴും അവന്റെ മനസ്സ് മരവിച്ചില്ല. കൂടെ നടന്നിട്ടും തന്നെ ‘അറിയാതെ’ പോയവനെ അലിവിന്റെ ഒരു ‘നോട്ട’ത്താൽ അവൻ വീണ്ടെടുത്തു. എന്നിട്ടും... ജീവിതം സ്വയം അവസാനിപ്പിച്ചവനെപ്പോലെ പലരും ഈ ലോകത്തോട് വിടചൊല്ലുന്നു. ‘ഇന്നി’ന്റെ യുവത്വം സുവിശേഷത്തിലെ ധനികയുവാവിനെപ്പോലെ കുരിശിനും ക്രൂശിതനും പുറംതിരിഞ്ഞ് നടക്കുന്നു. അവന്റെ സ്നേഹം നുകരാൻ...പകരാൻ... ‘ഇന്നി’ൽ സമയമില്ലപോലും. പരസ്പരം കൈകോർക്കേണ്ടവർ തമ്മിലടിച്ചകലുന്ന ‘ഔട്ട് ഓഫ് റേഞ്ച്’ ആകുന്ന ഈ കാലത്ത് വേറിട്ടൊരു ചിന്ത, വാക്ക്, ചെയ്തി... നിനക്കാകില്ലേ?

‘അരുതു’കളുടെ കാണാക്കയങ്ങൾക്കു പകരം ‘ആകേണ്ടതുകളുടെ വിശാലലോകം മലർക്കെ തുറക്കുന്ന പുണ്യവാതായനമായ നോമ്പുകാലമാണിത്. ഇനിയും ‘ആകാവുന്ന’ ഒരു തിരിച്ചുവരവിന്റെ തുയിലുണർത്തുന്ന നോമ്പുകാലം! ജീവന്റെ പുതുനാമ്പ് ചുറ്റും മുളയെടുക്കേണ്ട പുത്തൻ ഉണർവ്വിന്റെ കാലം. വേനൽ ചൂടിലുരുകുന്ന പുറംലോകത്തോടൊപ്പം അകതാരും തപിച്ചുയരുമ്പോൾ അവിടെ ജീവന്റെ സമൃദ്ധി വർഷിക്കപ്പെടും... തീർച്ച!

കൂട്ടുകാരേ, ഉത്തരങ്ങൾ എഴുതുന്നതിനുമുമ്പ് ഈ ലക്കത്തിലെ പ്രതീക്ഷയുടെ പൂമൊട്ടുകൾ മുഴുവൻ വായിക്കണേ. ഉത്തരങ്ങൾ ഇതിന്റെ താളുകളിൽ ഒളിഞ്ഞുകിടപ്പുണ്ട്.

1. ഏതു പദത്തിൽനിന്നുമാണ് പീഡാസഹനം എന്ന വാക്ക് ഉരുത്തിരിഞ്ഞത്?
2. സന്തോഷം/ സന്തോഷിക്കുവിൻ എന്ന വാക്ക് പുതിയനിയമത്തിൽ എത്ര പ്രാവശ്യം ആവർത്തിച്ചിട്ടുണ്ട്?
3. "നിങ്ങൾ നിങ്ങളുടെ കുരിശ് സന്തോഷപൂർവം വഹിച്ചാൽ അതു നിങ്ങളെ വഹിച്ചുകൊള്ളും". ആരുടെ വാക്കുകളാണിത്?
4. ഈശോ വിഭാവനം ചെയ്ത വിശ്വാസികളുടെ ഐക്യം പ്രായോഗികമാകുന്നത് എവിടെയാണ്?
5. 'പ്രപഞ്ചത്തിന്റെ ഏറ്റവും അകലെയുള്ള കോണുകളെപ്പോലും ആശ്ലേഷിക്കാൻ ദൈവം കുരിശിൽ തന്റെ കൈകൾ വിരിച്ചു' എന്നു പറഞ്ഞതാര്?
6. *ലാസ്റ്റ് ടെസ്റ്റമെന്റ്* എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ആര്?
7. സിയന്നയിലെ വി. കാതറിനെ പുണ്യവതിയായി പ്രഖ്യാപിച്ച വർഷം ഏത്?
8. "ഞാൻ ഇതാ വാതിലിൽ മുട്ടുന്നു". വിശുദ്ധ ഗ്രന്ഥഭാഗം എഴുതുക.

**ഉത്തരങ്ങൾ**

1.
2.
3.
4.
5.
6.
7.
8.

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - മാർച്ച് 15).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ,
സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018





വിശുദ്ധിയുടെ മുത്തുകൾക്ക്



# കുഞ്ഞാറ്റയുടെ കുമ്പസാരം


"കുഞ്ഞാറ്റേ, ദേ പള്ളിയെത്താറായല്ലോ. ഇനി ഏതൊക്കെ കല്പനകളാ പറയാത്തത്?" "ഒൻപതും പത്തും. അന്യന്റെ ഭാര്യയെ മോഹിക്കരുത്, അന്യന്റെ വസ്തുക്കൾ മോഹിക്കരുത്."

"ഇവ രണ്ടും ഒരേപോലെ പോകും. അന്യന്റെയല്ലേ ഇവ രണ്ടും? പിന്നെന്തിനാ നമ്മൾ അതു മോഹിക്കുന്നത്? ശരിയല്ലേ കുഞ്ഞാറ്റേ? കുഞ്ഞേച്ചിയുടേതുപോലും ചോദിച്ചിട്ടേ എടുക്കാവൂ എന്നു പറയാറില്ലേ? നല്ല വസ്തുക്കൾ കൂട്ടുകാരുടെ കയ്യിലിരിക്കുന്നതു കാണുമ്പോൾ അതു വേണമെന്നു തോന്നും. അല്ലേ? ചോദിച്ചു വാങ്ങിച്ചു കാണാം. എന്നിട്ടു തിരിച്ചു കൊടുക്കണം. പിന്നെ മറ്റൊരു കാര്യം. മോളുടെ കയ്യിലുള്ളവയും സൂക്ഷിച്ചുപയോഗിക്കണം. വേറൊരു നന്മയുംകൂടെ നമുക്ക് ഇതോടൊപ്പം ചെയ്യാം. കളർപെൻസിലും പേനായുമൊക്കെ ഇല്ലാത്ത കുട്ടികൾക്കു അവ കൊടുത്തുകൊണ്ട് അവരെ സഹായിക്കാം. അതു വലിയ കാര്യമല്ലേ?"

"മമ്മീ, ഞാനതൊക്കെ ചെയ്യുന്നുണ്ട്."

"എന്റെ കുഞ്ഞാറ്റ നല്ല കുട്ടിയാ കേട്ടോ."


"ഇനി മോളു, മമ്മി പറഞ്ഞതൊക്കെവച്ച്, പത്തു കല്പനകളെ രണ്ടായി സംഗ്രഹിച്ചതിനെ ഒന്നു മനസിലാക്കാൻ ശ്രമിക്കണേ. പിന്നെ പള്ളിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ തിരുവചനം മോളോട് എന്തു പറയുന്നുവെന്നു ശ്രദ്ധിക്കണം."



പരി. കുർബാനയിലെ തിരുവചനം കുഞ്ഞാറ്റ ശ്രദ്ധയോടെ കേട്ടു. ധൂർത്തപുത്രന്റെ ഉപമയായിരുന്നു അന്നത്തെ വചനഭാഗം. എല്ലാ സുഖസൗകര്യങ്ങളും ഉണ്ടായിരുന്നിട്ടും സ്വന്തം ഇഷ്ടപ്രകാരം പോയി ജീവിച്ച്, എല്ലാം നശിപ്പിച്ച പുത്രൻ തിരിച്ചുവരുന്നതും കാത്ത് വഴിനോക്കിയിരിക്കുന്ന പിതാവിന്റെ സ്നേഹം... പന്നിക്കൂട്ടിൽ കിടന്ന് പിതാവിനെ ഓർക്കുന്ന പുത്രൻ പിതാവിന്റെ വിലയുള്ള സ്നേഹം തിരിച്ചറിയുന്നു. ആ സ്നേഹത്തിന്റെ വലുപ്പം മനസ്സിലാക്കുന്നു. തിരുവചനവായനയ്ക്കുശേഷം അച്ചൻ നല്കിയ സന്ദേശവും കുഞ്ഞാറ്റ വളരെ ശ്രദ്ധയോടെ കേട്ടു.

# ദൈവകരുണ: ആനന്ദത്തിന്റെ ഉറവിടം

കരുണയും ദൈന്യതയും-2



ഡോ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി.
നൊവീസ് മാസ്റ്റർ, പടമുഖം, ഇടുക്കി.

പുതിയനിയമത്തിൽ 112 പ്രാവശ്യം ആവർത്തിക്കുന്ന ഒരു വാക്കാണ് സന്തോഷം/ സന്തോഷിക്കുവിൻ. എല്ലാ മനുഷ്യരും സന്തോഷം ആഗ്രഹിക്കുന്നു. എന്നാൽ എവിടെയാണ്, എങ്ങനെയാണ് ഒരാൾക്ക് യഥാർത്ഥ സന്തോഷം കണ്ടെത്തുവാൻ കഴിയുന്നത്? പലർക്കും അതിന് സാധിക്കാത്തതിനാലാണ് ആത്മഹത്യയിലേക്ക് തിരിയുന്നത്. ഇന്ത്യയിൽ ഓരോ നാലു മിനിട്ടിലും ഒരാൾ വീതം ആത്മഹത്യ ചെയ്യുന്നു എന്നാണ് ചില കണക്കുകൾ സൂചിപ്പിക്കുന്നത്. ചിലർ സുഖവും സന്തോഷവും ഒന്നാണെന്ന് തെറ്റിദ്ധരിക്കുന്നു. സുഖം ശാരീരികവും സന്തോഷം ആത്മീയവുമാണ്. ശരീരത്തിനു സുഖം നൽകുന്നവ ആന്തരികാനന്ദം പ്രദാനം ചെയ്യണമെന്നില്ല. സുഖം നൈമിഷികവും സന്തോഷം നിലനിൽക്കുന്നതുമാണ്. "കരുണയും ദൈന്യതയും" എന്ന ശ്ലൈഹിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പാ പഠിപ്പിക്കുന്നു, ദൈവത്തിന്റെ കരുണ അനുഭവിക്കുന്നവർക്ക് ആനന്ദിക്കുവാൻ കഴിയുമെന്ന്. ദൈവത്തിന്റെ കരുണാർദ്രമായ കടാക്ഷം ഏറ്റുവാങ്ങുന്നവർക്ക് ജീവിതത്തിലെ ആകുലതകളും ബുദ്ധിമുട്ടുകളും ദുഃഖത്തിനു കാരണമാവുകയില്ല. വി. പൗലോസ് ശ്ലീഹാ എഴുതുന്നു: "നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ; ഞാൻ വീണ്ടും പറയുന്നു: നിങ്ങൾ സന്തോഷിക്കുവിൻ" (ഫിലിപ്പി 4,4).

സന്തോഷകരമായ ജീവിതത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ട് "ഹെർമാസിലെ ഇടയൻ" എന്ന ആദിമ ക്രൈസ്തവ കൃതി ഇപ്രകാരം പ്രസ്താവിക്കുന്നു: "ദൈവത്തിന് എപ്പോഴും സമ്മതമുള്ളതും സ്വീകാര്യവുമായ ആനന്ദംകൊണ്ട് നിങ്ങളെത്തന്നെ അണിയിക്കുകയും അതിൽ ആനന്ദിക്കുകയും ചെയ്യുവിൻ. ആനന്ദഭരിതരായ എല്ലാവരും നന്മ ചെയ്യുകയും, നന്മ ചിന്തിക്കുകയും, ദുഃഖത്തെ വെറുക്കുകയും ചെയ്യുന്നു... ദുഃഖം വെടിയുകയും ആനന്ദം ധരിക്കുകയും ചെയ്യുന്നവർ ദൈവത്തിൽ ജീവിക്കും" (XLII, 1-4).

ഈശോമിശിഹായിലൂടെ ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു എന്ന അവബോധമാണ് നമ്മുടെ ആത്മീയാനന്ദത്തിന്റെ അടിസ്ഥാനം. പരിശുദ്ധാത്മാവിലൂടെ, ക്ഷമയുടെയും ദൈവകരുണയുടെയും ജീവദായകമായ ശ്വാസത്തെ ദൈവം സഭയുടെമേൽ ചൊരിഞ്ഞിരിക്കുന്നു. "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ; നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും" (യോഹ 20, 22-23). ഈ വാഗ്ദാനത്തിലൂടെ ക്ഷമയുടെ സദ്‌വാർത്തയാണ് ഈശോമിശിഹാ നമുക്കു നല്കിയിരിക്കുന്നത്.

വി. വിൻസെന്റ് ഡി പോൾ പറയുന്നു: "ദൈവത്തിന്റെ സ്വകീയ ഗുണമായി പരിഗണിക്കപ്പെടുന്ന മനോഹരമായ ഒരു പുണ്യമാണ് കരുണ". നമ്മുടെ അകൃത്യങ്ങൾ ക്ഷമിക്കുന്ന, രോഗങ്ങൾ സുഖപ്പെടുത്തുന്ന, സംരക്ഷിക്കുന്ന, യൗവനം നവീകരിക്കുന്ന, ക്ഷമാശീലനും സ്നേഹനിധിയുമായ കർത്താവിനെ വാഴ്ത്തുവാൻ ആഹ്വാനം ചെയ്തുകൊണ്ട് സങ്കീർത്തകൻ ഏറ്റുപറയുന്നു: "കർത്താവിന്റെ കാരുണ്യം അവിടുത്തെ ഭക്തരുടെമേൽ എന്നേക്കുമുണ്ടായിരിക്കും" (സങ്കീ 103,17). മനുഷ്യർക്ക് ആനന്ദത്തിലാറാടുവാൻ ഇതിൽപരം എന്തുവേണം!

ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ നമ്മുടെ സംസ്കാരത്തിനുമേൽ അധീശത്വം പുലർത്തുമ്പോൾ ദുഃഖവും ഏകാന്തതയും ശൂന്യതയും വിഷാദവും നിരാശയും യുവതലമുറയെപ്പോലും സാരമായി ബാധിക്കുന്നു. അതിനുള്ള പരിഹാരമാർഗ്ഗം ഫ്രാൻസിസ് മാർപാപ്പാ മുന്നോട്ടുവയ്ക്കുന്നു: "കൃത്രിമമായ പറുദീസ നിർമ്മിച്ച് വേഗത്തിലും എളുപ്പത്തിലും സന്തോഷം വാഗ്ദാനം ചെയ്യുന്ന മിഥ്യകളെ ഉന്മൂലനം ചെയ്യുവാൻ യഥാർത്ഥ സന്തോഷത്തിനും പ്രതീക്ഷയ്ക്കും നാം സാക്ഷ്യം വഹിക്കണം" (M.M.3). അതിനായി, കരുണയുടെ ജൂബിലിവർഷത്തിൽ നാം അനുഭവിച്ച ദൈവകരുണയുടെ നവീകൃതശക്തി, സന്തോഷത്തോടെ ഭാവിയിലേക്ക് ഉറ്റുനോക്കുവാൻ നമുക്ക് കാരണമാകട്ടെ.



# മാനസാന്തരത്തിന്റെ ആവശ്യകത

റോസമ്മ കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**നോ**മ്പിന്റെ ചൈതന്യത്തിലേക്കു പ്രവേശിക്കുന്ന നമുക്ക് മാനസാന്തരം എന്ന യാഥാർത്ഥ്യത്തെ ജീവിതത്തിൽനിന്നും മാറ്റിനിർത്താനാവില്ല. ഈശോയും അവിടുത്തേക്കു മുന്നോടിയായി വന്ന സ്നാപകയോഹന്നാനും മാനസാന്തരത്തിലേക്ക് ക്ഷണിച്ചുകൊണ്ടാണ് തങ്ങളുടെ പ്രവർത്തനങ്ങൾക്കു തുടക്കംകുറിച്ചത്. മാനസാന്തരപ്പെട്ട് യോർദ്ദാൻനദിയിൽ കഴുകി ശുദ്ധീകരിക്കുന്നതിനായി യോഹന്നാൻ ക്ഷണിക്കുമ്പോൾ, പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനായി പിതാവിങ്കലേക്കുള്ള വഴിയായ തന്നെ അനുധാവനം ചെയ്തുകൊണ്ട് നാളെയെ പടുത്തുയർത്തുവാൻ ഈശോ നമ്മെ ഒരുക്കുന്നു. ഈ നാളെയാകട്ടെ വിശുദ്ധിയുടെയും സാഹോദര്യത്തിന്റെയും ജീവിതമാണ്.

നാളെയെ പടുത്തുയർത്തേണ്ടതിന്റെ ആവശ്യകതയെ നമുക്ക് ഗൗരവപൂർവം എടുക്കാം.



പൂമൊട്ടുകൾ

അതിന് ആവശ്യകമായിരിക്കുന്ന മാനസാന്തരത്തിന് ഊന്നൽ നല്കാം.

എന്താണ് മാനസാന്തരം? തിന്മയായവ -ദൈവസ്നേഹത്തിനു നിരക്കാത്തവ- ഉപേക്ഷിക്കുന്നതും, നന്മയായവ -ഭാവാത്മകമായവ- സ്വീകരിക്കുന്നതുമാണ് മാനസാന്തരം. തീർച്ചയോടുകൂടി നാം പിഞ്ചെല്ലേണ്ട ഈ ഭാവാത്മകമായ യാഥാർത്ഥ്യങ്ങൾ ഏതൊക്കെയാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. അവ നമ്മുടെ കൺമുമ്പിലുള്ളവയാണെങ്കിലും അവയെക്കുറിച്ച് നാം ബോധ്യമുള്ളവരാകുന്നില്ല.



ആദ്യമായിത്തന്നെ കൗദാശിക കടമകളോടുള്ള നമ്മുടെ വിശ്വസ്തതയെക്കുറിച്ചു ചിന്തിക്കാം. കൗദാശിക കടമകളോടുള്ള നമ്മുടെ വിശ്വസ്തത വളരെ പ്രധാനപ്പെട്ടതാണ്. ഉദാഹരണമായി മാമ്മോദീസാ എന്ന കൂദാശ സ്വീകരിച്ചതിലൂടെ നാം ഏറ്റെടുത്തിരിക്കുന്ന കടമകളെക്കുറിച്ച് നാം എത്രമാത്രം ബോധ്യമുള്ളവരാണ്? അതുപോലെ മറ്റു കൂദാശകളിൽനിന്നും ഉടലെടുക്കുന്ന പ്രതിജ്ഞകളിലുള്ള പ്രതിബദ്ധതയെ ഗൗരവമായി കണക്കിലെടുക്കുന്ന എത്ര പേരുണ്ട്? അതോടൊപ്പം ദൈവം നമുക്കോരോരുത്തർക്കും തിരഞ്ഞെടുത്തു നല്കിയ ജീവിതാന്തസ്സിനോടും ഓരോ വ്യക്തിയിലും നിക്ഷേപിച്ചിരിക്കുന്ന വരദാനത്തോടുമുള്ള പ്രതിബദ്ധത എത്രമാത്രമുണ്ട്? ഈ മേഖലകളിലെല്ലാം നിമിഷംതോറുമുള്ള ഒരു മാനസാന്തരം നമ്മിൽ സംഭവിക്കേണ്ടതാണ്.

ഇവയ്ക്കെല്ലാം പുറമേ, നമ്മെ കാത്തിരിക്കുന്ന ഒരു ലോകത്തിന്റെ യാഥാർത്ഥ്യം ഉണ്ടെന്ന കാര്യവും നമുക്കു മറക്കാതിരിക്കാം. ക്രൈസ്തവരായ നമ്മോട് ലോകം പല ആവശ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. അത് സ്വാഭാവികക്രമത്തിലും അതിസ്വാഭാവികക്രമത്തിലും നാം പൂർണ്ണരായിരിക്കണമെന്നതാണ്. ഇത് നാം മാനുഷികവും അതിസ്വാഭാവികവുമായ പക്വത പ്രാപിച്ച നല്ല മനുഷ്യനാകുന്നതിന് ആവശ്യമായ മാനസാന്തരത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അങ്ങനെ നാം ഇരുളുനിറഞ്ഞ ലോകത്തിൽ പ്രകാശം പരത്തുന്നവരാകണം; തിന്മയെ നന്മകൊണ്ട് കീഴടക്കുന്നവരാകണം.

ദൈവസ്നേഹത്തിലേക്കുള്ള, നമ്മുടെ ഹൃദയകവാടത്തിൽ നിരന്തരം മുട്ടിക്കൊണ്ടിരിക്കുന്ന പരിശുദ്ധാരൂപിയുടെ സ്നേഹത്തിലേയ്ക്കുള്ള, മാനസാന്തരവും സംഭവിക്കണം; ദൈവസ്നേഹത്തിലേക്കു നാം തിരിയണം. വെളിപാടുപുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "ഞാൻ ഇതാ വാതിലിൽ മുട്ടുന്നു" (3,19). ഇത് അർത്ഥമാക്കുന്നത് ദിനംതോറും, അനുനിമിഷം കർത്താവ് നമ്മിൽ മടുപ്പുകൂടാതെ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന പ്രവർത്തകവരപ്രസാദമാണ്. കൃപയുടെ ഈ പ്രചോദനങ്ങൾക്കും ബുദ്ധിയുടെ പ്രകാശനങ്ങൾക്കും നമ്മുടെ ഹൃദയത്തി

ലേക്കും മനസ്സിലേക്കും നിവേശിപ്പിക്കുന്ന പ്രേരണകൾക്കുമെല്ലാം നമ്മുടെ ഹൃദയം ഉദാരതയോടെ വിശാലമായി തുറക്കണം. അങ്ങനെ പരിശുദ്ധാരൂപിയാൽ നയിക്കപ്പെടുന്ന ഒരു ജീവിതത്തിന്റെ ഉടമകളായി നാം തീരണം.

മാനസാന്തരയാത്രയിൽ നാം നേരിടേണ്ട ബുദ്ധിമുട്ടുകളെ, തടസ്സങ്ങളെ, മറച്ചുവയ്ക്കുന്നില്ല. സാധാരണയായി സംഭവിക്കുന്ന തടസ്സം 'മാനസാന്തരത്തിന്റെ മനഃശാസ്ത്രപരമായ' കാത്തിരിപ്പാണ്. അതായത്, 'സാരമില്ല', 'എല്ലാം നാളെയാകട്ടെ' എന്നൊക്കെയുള്ള മനോഭാവങ്ങൾ. ഇനിയും സമയമുണ്ടല്ലോ എന്ന ചിന്ത. ഇതിൽ എന്തുതെറ്റാണ് ഉള്ളത് എന്ന് പലർക്കും തോന്നിയേക്കാം. ഒരു തെറ്റു മാത്രമേയുള്ളു. അത് മറ്റൊന്നുമല്ല – മാനസിക പക്വതയുടെ ആവശ്യകത എന്ന ഈ ആശയം വി. ഗ്രന്ഥത്തിൽ കാണാൻ കഴിയുന്നില്ല എന്നതാണത്. മാനസാന്തരത്തിലേക്കുള്ള ഈശോയുടെ ക്ഷണത്തിന് ഉടൻതന്നെ പ്രത്യുത്തരം നല്കുന്ന വ്യക്തികളെയാണ് വി. ഗ്രന്ഥം നമുക്കു കാട്ടിത്തരുന്നത്. ഡമാസ്ക്കസ് സംഭവത്തിൽ സാവൂളും മരത്തിനു മുകളിലിരുന്ന സക്കേവൂസും ഇതിനുദാഹരണങ്ങളാണ്. ഇപ്പോൾ സാധ്യമല്ല, പിന്നീടാകട്ടെ എന്നുള്ള മനോഭാവങ്ങൾ ഇവരിൽ കാണുന്നില്ല; മാനസാന്തരം പ്രത്യേക സമയത്തേക്ക് അവർ മാറ്റിവയ്ക്കുന്നില്ല.

മാനസാന്തരത്തിനുള്ള മറ്റൊരു തടസ്സം മന്ദോഷ്ണതയാണ്. മന്ദോഷ്ണതയുടെ ഫലമായാണ് ഓരോന്നിനും ഒത്തുതീർപ്പു കല്പിക്കുന്നത്. ക്രൈസ്തവരുടെയിടയിലെ ദാരുണമായ ഒരു പ്രതിഭാസമാണിത്. തന്മൂലം കർത്താവിനോട് കാര്യമായ ഒരു പ്രതിബദ്ധതയില്ലാത്ത ജീവിതം നയിക്കുന്നു. സ്വന്തം സുഖസൗകര്യങ്ങളും മനുഷ്യപ്രകൃതിയും ലോകത്തിന്റേതായ ആവശ്യങ്ങളുമായി പൊരുത്തപ്പെട്ടുള്ള എളുപ്പവഴിയേയുള്ള യാത്രയാണിത്. ഇവിടെ വെളിപാടു പുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്നത് 'ചൂടോ തണുപ്പോ ഇല്ലാത്ത അവസ്ഥയെ' (വെളി 3,16–17) കർത്താവു വെറുക്കുന്നു എന്നാണ്. ക്രൈസ്തവർക്ക് ഈശോയുടെ മലകൾ കയറുവാനുള്ള ധൈര്യം ഇല്ലാതെ പോകുന്നു. ഈ മലകളിൽ സുവിശേഷഭാഗ്യങ്ങളുടെ മലയും താബോർ മലയും കാൽവരിമലയും ഉൾപ്പെടുന്നു. ഈ മലകൾ പരമാവധിയുടെ – മാക്സിമലിസത്തിന്റെ, രൂപാന്തരീകരണത്തിന്റെ, വീരോചിതമായ ത്യാഗാർപ്പണത്തിന്റെ മലകളാണ്.

ഈ നോമ്പുകാലത്ത് നാം എടുക്കേണ്ട ഒരു തീരുമാനം അനുനിമിഷമുള്ള മാനസാന്തരാനുഭവത്തിലൂടെ ഈശോയെ അനുഗമിക്കുക എന്നതാണ്. ഈ യാത്ര നമ്മെ ഈശോയുടെ വിവിധ മലകളിലേക്കു നയിക്കും. എന്നാൽ ആ യാത്ര അവസാനിക്കുന്നത് ഈശോയോടൊപ്പം മഹത്ത്വീകരണത്തിൽ എത്തിച്ചേർന്നുകൊണ്ടായിരിക്കും.

പീഡാസഹനത്തിലൂടെ രക്ഷ കൊണ്ടുവരുന്നതിന് മിശിഹാ മാനുഷിക സഹനത്തെ രക്ഷയുടെ തലത്തിലേക്ക് ഉയർത്തി. അങ്ങനെ ഓരോ മനുഷ്യനും തന്റെ സഹനത്തിൽ മിശിഹായുടെ രക്ഷാകരസഹനത്തിൽ പങ്കുകാരനാകാൻ കഴിയും.

വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ





# അച്ചാ, റേയ്ഞ്ച് പോയി!



**ഫാ. ഷിബു പുളിക്കൽ**
നെറൂൾ , കല്യാൺ രൂപത

**ഞാ**ൻ പുതിയ ഇടവകയിൽചെന്ന് ചാർജെടുത്തിട്ട് ഒരു മാസംപോലും തികഞ്ഞിട്ടില്ലായിരുന്നു. അതിനുമുമ്പുതന്നെ ഒരു ദിവസത്തെ പിക്നിക്ക് പോകാൻ യൂത്ത് ഗ്രൂപ്പുകാർ എല്ലാവരുംകൂടി തീരുമാനിച്ചിരുന്നു. പഴയ വികാരിയച്ചനോട് ആലോചിച്ച് തീരുമാനിച്ച തീയതി ആയിരുന്നതുകൊണ്ടും, ബസ് ബുക്ക് ചെയ്തിരുന്നതുകൊണ്ടും നിശ്ചയിച്ചുറപ്പിച്ച തീയതിക്ക് മാറ്റമൊന്നും വരുത്തിയില്ല.

പിക്നിക്കിനു പോകേണ്ടദിവസം വന്നുചേർന്നു. യുവതീയുവാക്കളെല്ലാവരും സമയത്തിനു മുമ്പുതന്നെ വന്നുചേർന്നിട്ടുണ്ട്. ആവേശം തിരതല്ലുകയാണ്. യൂത്ത് പ്രസിഡന്റ് ഓടിനടന്ന് എല്ലാ കാര്യങ്ങളും ക്രമീകരിച്ചുകൊണ്ടിരുന്നു. ഈ ഓട്ടത്തിനിടയ്ക്ക്, ഒരു നിമിഷം അവനെ പിടിച്ചു നിറുത്തി ഞാൻ ചോദിച്ചു: "പോകേണ്ട സ്ഥലവും അവിടേക്കുള്ള വഴിയും നിശ്ചയമുണ്ടല്ലോ, അല്ലേ?" അവിശ്വസനീയമായ എന്തോ ഒരു കാര്യം കേട്ടപോലെ, അവനെന്നെ ഒന്നു തുറിച്ചുനോക്കി. അതിനുശേഷം, അവന്റെ കയ്യിലുണ്ടായിരുന്ന സ്ലേറ്റു പോലത്തെ ഒരു സാധനം (പിന്നീടത് ടാബ് ആണെന്നു ഞാൻ മനസ്സിലാക്കി) എനിക്ക് കാണിച്ചുതന്നുകൊണ്ട്, ആ മാന്ത്രിക സ്ലേറ്റിന് ചെയ്യാൻ പറ്റാത്തതായി എന്തുണ്ട് എന്ന അഹ

ങ്കാരത്തോടെ അവൻ പറഞ്ഞു: “വഴിയൊക്കെ ഇവൻ പറഞ്ഞുതരില്ലേ?” ആ വിശിഷ്ട വസ്തുവിനെ ഒന്നു തൊട്ടുനോക്കി ഞാൻ തൃപ്തിയടഞ്ഞു.

ടൂർ ആരംഭിച്ചുകഴിഞ്ഞു. പാട്ടും, ഡാൻസും, മറ്റു ബഹളങ്ങളുമായി കുട്ടികൾ ആടിതിമിർക്കുകയായിരുന്നു. ഇതിനിടയിൽ ഞാനൊന്നു മയങ്ങിപ്പോയി. എന്തോ ബഹളം കേട്ടാണ് പെട്ടെന്ന് ഞാനുണർന്നത്. ബസ് നിർത്തിയിട്ടിരിക്കുന്നു. ബസ്സിനുള്ളിൽ കുട്ടികൾ അന്യോന്യം എന്തൊക്കെയോ പിറുപിറുക്കുന്നു. യൂത്ത് പ്രസിഡന്റിനെ അവിടെയെങ്ങും കാണുന്നില്ല. മഴയ്ക്കുള്ള ലക്ഷണങ്ങളും കണ്ടുതുടങ്ങി.

ഞാനുടനെ പുറത്തിറങ്ങി. അപ്പോൾ കുറച്ചകലെയായി നമ്മുടെ പ്രസിഡന്റ് പയ്യൻ, സൈക്കിളിൽ വരുന്ന ഒരു ചേട്ടനെ പിടിച്ചുനിറുത്തി വഴി ചോദിക്കുകയായിരുന്നു. അയാൾക്ക് അറിയാവുന്ന ലക്ഷണമൊന്നും കണ്ടില്ല. പിന്നീട് തൊട്ടടുത്ത കടയിലേക്ക് അവൻ പോകുന്നത് ഞാൻ കണ്ടു. തിരിച്ചുവന്നപ്പോൾ ഞാൻ ചോദിച്ചു: “ എന്തുപറ്റി? അവൻ പറഞ്ഞു: “വഴി മനസ്സിലാകുന്നില്ല”. പലരോടും ചോദിച്ചെങ്കിലും അവർക്കൊന്നും ഒരുപിടിയും കിട്ടുന്നില്ലത്രെ. അപ്പോളവന്റെ കയ്യിലുണ്ടായിരുന്ന ആ സ്ലേറ്റിലേക്ക് ഞാനല്പം കുസൃതിയോടെ ഒന്നു സൂക്ഷിച്ചുനോക്കി. നോട്ടത്തിന്റെ അർത്ഥം ഗ്രഹിച്ച അവൻ സ്വല്പം ജാള്യതയോട സ്വരം താഴ്ത്തി പറഞ്ഞു: ‘‘അച്ചാ, റേയ്ഞ്ച് പോയി!”....

ഇപ്പോൾ നീ ഫുൾ റേയ്ഞ്ചിലായതുകൊണ്ട്, നിനക്ക് ആരുടെയും സഹായം ആവശ്യമില്ല. എന്നാൽ റേയ്ഞ്ച് പോകുന്ന ഒരു അവസ്ഥ ഉണ്ടാവുകയാണെങ്കിൽ, അപ്പോൾ നിനക്ക് ചുറ്റുപാടൊക്കെ നോക്കേണ്ടിവരും. വഴിയിലൂടെ പോകുന്നവനെയും പെട്ടിക്കടക്കാരനെയും വീട്ടിലെ വേലക്കാരനേയും എന്നുവേണ്ട മറ്റാരെ വേണമെങ്കിലും സഹായത്തിനായി നീ വിളിക്കും.

അതുകൊണ്ട് “മുകളിലേക്ക് കയറിപ്പോകുമ്പോൾ, കാണുന്നവരോട് നന്നായി പെരുമാറുക. കാരണം, താഴേക്ക് ഇറങ്ങിവരുമ്പോൾ വീണ്ടും നിനക്ക് അവരെ കാണേണ്ടതാണ്”. (വിൽസൺ മെയ്സ്റ്റർ)

*ക്രൈസ്തവ പാരമ്പര്യത്തിൽ ഉപവാസവും നോമ്പും പ്രാർത്ഥനയും കടന്നുവരുന്നത് ഈശോയുടെ മാതൃക അനുകരിച്ചുകൊണ്ടു തന്നെയാണ്. ഈശോ പരസ്യജീവിതത്തിനു മുമ്പ് നാല്പതു ദിവസം ഉപവസിച്ചു. ഉപവാസത്തിന്റെയും നോമ്പിന്റെയും യഥാർത്ഥ ചൈതന്യം എന്തായിരിക്കണമെന്ന് ശ്രോതാക്കളെ പഠിപ്പിക്കുന്ന ഈശോ, ഉപവാസങ്ങൾ പാലിച്ചിരുന്നു എന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഈ മാതൃക അനുകരിച്ചുകൊണ്ട് ഉപവാസത്തിന്റെ പാതയിലൂടെ നീങ്ങുവാൻ സഭ ആഹ്വാനം ചെയ്യുന്നു.*

പൂമൊട്ടുകൾ



# പിശാചിന്റെ സുന്ദരമായ ആയുധം

നിക്സ മങ്ങാട്ട്

**സാ**മ്പത്തികമായി ഉയർന്ന വീട്. അമ്മ കുവൈത്തിൽ നഴ്സ്. അപ്പൻ ദുബായിൽ കമ്പനി മാനേജർ. എല്ലാ വർഷവും അവധിക്കു നാട്ടിലെത്തുന്ന ഭാര്യാഭർത്താക്കന്മാർ ... മക്കൾ രണ്ടുപേർ. രണ്ടും പെൺകുട്ടികൾ. അന്നുവും മിന്നുവും. അവർ രണ്ടാളും ആന്റിയുടെ സംരക്ഷണത്തിൻകീഴിൽ കഴിയുന്നു. ഒരു കൗൺസിലിംഗ് വഴിയാണ് ഇളയവളായ മിന്നുവിനെ പരിചയപ്പെടാനിടയായത്... സംസാരിക്കാൻ മിടുക്കിയാണ് മിന്നു. എന്തും തുറന്നു പറയുന്ന പ്രകൃതം...

ചേച്ചിയെക്കുറിച്ചും അവൾ പറഞ്ഞു: പി.ജിക്ക് ഹോസ്റ്റലിൽ നിൽക്കുന്നു. അവൾ വെളുത്തതാണ്; അമ്മയുടെ ഗ്ലാമർ. എനിക്ക് അപ്പന്റെ കളറും രൂപവും. ആ സംസാരത്തിൽ ഇത്തിരി സങ്കടം കലർന്നിരുന്നത് ഞാൻ ശ്രദ്ധിച്ചു... സംസാരം തുടർന്നു... പിന്നെയും ഒട്ടേറെ കാര്യങ്ങൾ... ചേച്ചിയെക്കുറിച്ചുള്ള സംഭാഷണ വേളയിലൊക്കെ അവളുടെ മുഖം വലിഞ്ഞുമുറുകുന്നതും കണ്ണു നിറയുന്നതും കണ്ടു.

അവൾ തുടർന്നു: എന്റെ അമ്മയ്ക്കും അപ്പനും കണക്കില്ലാത്ത സ്വത്തുണ്ട്. ഫ്ളാറ്റു

കളും സ്ഥലങ്ങളും... അവർക്കിഷ്ടം തൊലിവെളുപ്പുള്ള ചേച്ചിയെയാണ്. അവധിക്ക് അവർ വരുന്നതും അവളെ കാണാനാണ്. അതുകൊണ്ട് ഞാനൊന്നു തീരുമാനിച്ചുകഴിഞ്ഞു... അവളെ വകവരുത്തണം. സ്വത്തു മുഴുവൻ എനിക്ക് തനിയെ അനുഭവിക്കണം. പ്ലസ്ടു സ്റ്റുഡന്റ് ആയ മിന്നുവിന്റെ മറുപടി എന്നെ ഞെട്ടിച്ചു. പിന്നീട് മാതാപിതാക്കളുമായി ബന്ധപ്പെട്ടപ്പോൾ മിന്നുവിന്റെ ആശകളും വേദനകളും അവളുടെ സ്വയംസൃഷ്ടിയാണെന്ന് മനസ്സിലായി.

വി. ഗ്രന്ഥം ഓർമ്മിപ്പിക്കുന്നു, പിശാചിന്റെ അസൂയ നിമിത്തമാണ് തിന്മ ലോകത്തിലേക്ക് പ്രവേശിച്ചത് എന്ന്. ഇത് ശക്തമായ വിഷമാണ്. അസൂയയുടെ പരിണതഫലമോ ഭയാനകവും. ബൈബിളിന്റെ ആദ്യപുറങ്ങളിൽത്തന്നെ ഈ വിഷം കാണുന്നുണ്ട്. കായേന്റെ കഥയിലൂടെ. എന്റേത്...നിന്റേത് എന്ന അന്യതാബോധത്തിലൂടെ അവൻ നുഴഞ്ഞുകയറുകയാണ്. അസൂയ ബാധിക്കുന്ന ഒരാളുടെ ഹൃദയത്തിൽ രണ്ടു കാര്യങ്ങൾ വ്യക്തമായി കാണും എന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു: **ഒന്ന്, വിദ്വേഷം** (bitternes). അസൂയയുള്ള വ്യക്തി വിദ്വേഷത്താൽ കലുഷിതനായ വ്യക്തിയാണ്. അയാൾക്ക് സന്തോഷിക്കാനറിയില്ല, സ്തുതിക്കാനാവില്ല, ആനന്ദമെന്തെന്നറിയില്ല. മറ്റുള്ളവർക്ക് എന്തുണ്ട്, എനിക്ക് എന്ത് ഇല്ല എന്നത് കണ്ടെത്താനേ അയാൾക്കു നേരം കാണൂ... കായേന്റെ കഥയിൽ എന്റെ ബലി, അവന്റെ ബലി എന്ന വിവേചനം അസൂയയിലേക്കും വിദ്വേഷത്തിലേക്കും കൊലപാതകത്തിലേക്കും എത്തിക്കുന്നു.

**രണ്ടാമതായി പരദൂഷണം** (Gossip). മറ്റുള്ളവർക്ക് എന്തെങ്കിലും ഉണ്ടാകുന്നത് സഹിക്കാനാവുന്നില്ല. ഇത് പരിഹരിക്കാൻ എന്താണ് മാർഗ്ഗം? അവരെ തട്ടിതാഴെയിടുക. അതിനുള്ള ആയുധമാണ് പരദൂഷണം. പിശാചിന്റെ സുന്ദരമായ ആയുധം.

പരദൂഷണത്തിന്റെ പിന്നാമ്പുറത്ത് എപ്പോഴും കുശുമ്പും അസൂയയും കാണാം. എത്ര കുടുംബങ്ങളാണ്, എത്ര സ്ഥാപനങ്ങളാണ് ഈ രോഗം പിടിപെട്ട വ്യക്തികളുടെ സ്വാധീനംമൂലം അടിത്തറ ഇളകി നശിപ്പിക്കപ്പെട്ടിരിക്കുന്നത്. യോഹന്നാൻശ്ലീഹാ പറയുന്നു: സ്പർദ്ധയുടെയും അസൂയയുടെയും പിടിയിലായ വ്യക്തി പിശാചിന്റെ സ്വാധീനത്തിലാണ്. അയാൾ മറ്റുള്ളവരെ വകവരുത്തുന്നു.

പൂർവ്വ ജോസഫിന്റെ കഥയിൽ നാം കാണുന്നത് മറിച്ചൊന്നല്ല. അപ്പന് ഇളയവനോട് ഇത്തിരി സ്നേഹക്കൂടുതൽ.. സഹോദരങ്ങളിൽ വർദ്ധിച്ച സ്പർദ്ധ ജോസഫിനെ തട്ടിത്താഴെയിടുകയാണ്.

ദാവീദിന്റെ ജീവിതത്തിലും സമാനമായ കാഴ്ചയുണ്ട്. യുവാവായ ദാവീദിന്റെ വിജയം സാവൂൾ രാജാവിന്റെ ഹൃദയത്തിൽ വലിയ പരാജയമായി മാറുന്നു. സ്പർദ്ധയും അസൂയയും രാജാവിന്റെ ഹൃദയത്തിലേക്കും നുഴഞ്ഞുകയറുന്നു. ഫലമോ ദാവീദിനെ വധിക്കാൻ സാവൂൾ തീരുമാനിക്കുന്നു.

ഇതാണ് ഹൃദയത്തിൽ അസൂയ ചെയ്യുന്ന പണി. തിന്മയുടെ രൂപമായ അസൂയ നിന്റെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടിട്ടുണ്ടോ? വിചിന്തന വിഷയമാക്കാം... സഹോദരങ്ങൾക്ക് ഉയർച്ചയുണ്ടാകുമ്പോൾ, അയൽക്കാരൻ നല്ല വീടു വയ്ക്കുമ്പോൾ, ശത്രുവിന് നന്മ കൈവരുമ്പോൾ, മറ്റുള്ളവർ സ്നേഹിക്കപ്പെടുന്നതു കാണുമ്പോൾ, എനിക്കില്ലാത്തത് മറ്റുള്ളവർക്കു ലഭിക്കുമ്പോൾ അവരോടൊത്ത് സന്തോഷിക്കാൻ നിനക്കാവുന്നുണ്ടോ? ഇല്ലെങ്കിൽ നിന്റെ ഹൃദയത്തിന്റെ വാതിലും പിശാചിനായി നീ മലർക്കെ തുറന്നിരിക്കുകയാണ്...

നമുക്കു പ്രാർത്ഥിക്കാം. ഈശോയേ, എന്റെ ഹൃദയം അങ്ങയുടെ തിരുഹൃദയംപോലെയാക്കണമേ... എല്ലാവരെയും സ്നേഹിക്കാൻ, എല്ലാവരെയും ഉൾക്കൊള്ളാൻ, സഹോദരങ്ങളുടെ ഉയർച്ചയിൽ സന്തോഷിക്കാൻ... എന്റെ ഹൃദയത്തിൽ ഈശോയേ അങ്ങ് വാസമാക്കണമേ. ആമ്മേൻ.





# ദൈവപരിപാലനയുടെ അത്ഭുതങ്ങൾ



**ജിസ കൂട്ടിയാനിക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**മു**റ്റത്തെ പയർച്ചെടികളുടെ താഴെ ഒരു കാക്കയെ അസ്വാഭാവികമായി കാണാനിടയായതുകൊണ്ടാണ് ഞാനങ്ങോട്ടു ശ്രദ്ധിച്ചത്. 'കള്ളികാക്ക' എന്നാണല്ലോ പേര് തന്നെ. അതുകൊണ്ടാവാം ശ്രദ്ധിക്കണമെന്ന് തോന്നിയതും. ഞാനടുത്തെത്തിയതും ചുണ്ടത്ത് ഒരു ചുള്ളിക്കമ്പുമായി അത് അടുത്തുള്ള മാവിന്റെ ഏറ്റവും മുകളിലെ കമ്പിലേക്ക് പറന്നുചെന്നിരുന്നു. ഞാനും പുറകെ ഓടി. മാവിന്റെ ഏറ്റവും മുകളിലെ ചില്ലയിൽ തലങ്ങും വിലങ്ങും വച്ചിരിക്കുന്ന കുറെ ചുള്ളിക്കമ്പുകൾ. കാക്കകൾ കൂടുണ്ടാക്കുകയാണ്. ഏതാനം ദിവസങ്ങൾക്കു ശേഷവും ഞാൻ ആ കൂട് ഒന്നു ശ്രദ്ധിച്ചു. വലിയ വ്യത്യാസമൊന്നുമില്ല. അതിന്റെ മുകളിൽ താനിട്ട മുട്ടകൾക്ക് അടയിരിക്കുന്ന പെൺ കാക്ക. വലിയ കാറ്റിൽ മരത്തിന്റെ ചില്ലകൾ ആടിയുലയുമ്പോഴും അവൾക്ക് പേടിയുണ്ടായിരുന്നില്ല എന്നതാണ് സത്യം.

"ആകാശത്തിലെ പറവകളെ നോക്കുവിൻ, അവ വിതയ്ക്കുന്നില്ല. കൊയ്യുന്നില്ല. അവയ്ക്ക് പത്തായങ്ങളോ അറപ്പുരകളോ ഇല്ല. എങ്കിലും അവയുടെ സ്വർഗ്ഗീയപിതാവ് അവയെ തീറ്റിപ്പോറ്റുന്നു". സൃഷ്ടിയുടെ മകുടമായ, വിവേകവും ബുദ്ധിയുമുള്ള മനുഷ്യനോട് ആകാശപ്പറവകളെ നോക്കി പഠിക്കാൻ ഈശോ ആവശ്യപ്പെടുന്നു. ആധുനിക മനുഷ്യന് നഷ്ടപ്പെട്ടുപോയ രണ്ടു കാര്യങ്ങളാണ് സമാധാനവും സന്തോഷവും. എന്നാൽ ഇത് കണ്ടെത്താനുള്ള നെട്ടോട്ടമാണ് എല്ലാക്കാ

ലത്തും മനുഷ്യൻ നടത്തുന്നത് എന്നത് മറ്റൊരു വിരോധാഭാസം. പണവും ജോലിയും വിദ്യാഭ്യാസവും നല്ല ജീവിതസാഹചര്യങ്ങളും ഒക്കെ ഉണ്ടായാൽ സമാധാനവും സന്തോഷവും ലഭിക്കുമെന്നാണ് അവന്റെ ചിന്ത. എന്നാൽ ഇവ കൂടുന്നതിനനുസരിച്ച് പ്രശ്നങ്ങൾ കൂടുന്നു എന്നത് വേറെ കാര്യം. ആഗ്രഹിക്കുന്നതെല്ലാം അപ്പപ്പോൾ സ്വന്തമാക്കണമെന്നാണ് മനുഷ്യന്റെ ആഗ്രഹം. അത് ലഭിക്കാതെവരുമ്പോൾ അവൻ അസ്വസ്ഥനാകുന്നു. ജീവിതത്തിലെല്ലാം നഷ്ടപ്പെട്ടു എന്നു കരുതുന്നു.

ഇവിടെയാണ് ദൈവപരിപാലനയിലുള്ള ആശ്രയത്തിന്റെ പ്രസക്തി കടന്നുവരുന്നത്. "എനിക്ക് നിന്നെക്കുറിച്ചൊരു പദ്ധതിയുണ്ട്. അതു നിന്റെ നാശത്തിനുള്ളതല്ല, ക്ഷേമത്തിനുള്ളതാണ്" (ജറെ 29:11) എന്നരുളിച്ചെയ്ത ദൈവത്തിൽ കണ്ണുമടച്ചുള്ള പ്രതീക്ഷയർപ്പിക്കലാണ് അത്.

മനുഷ്യൻ നിസ്സഹായനാണെന്നും അവന്റെ കഴിവുകൾക്ക് പരിമിതികൾ ഉണ്ടെന്നുമുള്ള വലിയ ബോധ്യമാണ് ദൈവാശ്രയത്വം വളർത്തുക. നമ്മുടെ നിസ്സഹായതകളിൽ ദൈവസഹായത്തിന്റെ മാധുര്യം കൂടുതൽ വെളിപ്പെടും. ശ്രീ. ബെന്നി പുന്നത്തറ തന്റെ ജീവിതത്തിലെ ദൈവപരിപാലനയുടെ നേരറിവുകളെ 'പ്രലോഭനങ്ങളെ വിട' എന്ന പുസ്തകത്തിൽ എഴുതിച്ചേർക്കുമ്പോൾ അതിൽ ഇപ്രകാരം കാണാം: "അനേക നാളുകളിലേക്ക് ആവശ്യമുള്ളവ മുൻകൂട്ടി തരുന്നതല്ല ദൈവപരിപാലന, മറിച്ച് ആവശ്യനേരത്ത് ആവശ്യമുള്ളവ നിറവേറ്റിതരുന്നതിലാണ്".

ജീവിതത്തിൽ ദൈവത്തിന്റെ അത്ഭുതപ്രവർത്തനങ്ങൾക്ക് ഇടം കൊടുക്കാൻ കഴിയാതെ വരുന്നതാണ് ഇന്നിന്റെ പ്രശ്നം. ചെറുതും വലുതുമായ എത്രയോ അത്ഭുതങ്ങൾ നാമറിയാതെതന്നെ നമ്മുടെ ജീവിതത്തിൽ നടക്കുന്നു. അവയെ ഒക്കെ ഭാഗ്യമായോ, നമ്മുടെ കഴിവിന്റെ ഫലമായോ ഒക്കെ കാണുമ്പോൾ ദൈവപരിപാലനയുടെ മുഖത്തിന് മങ്ങലേല്ക്കുകയാണ്. അതോടൊപ്പം സഹനങ്ങളുണ്ടാകുമ്പോൾ അവ നിരാശയ്ക്കും കാരണമാകുന്നു. എന്നാൽ നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ കരം കാണാനിടയായാൽ നമ്മുടെ ജീവിതത്തിൽ അത്ഭുതങ്ങളുടെ പ്രവാഹം തന്നെയുണ്ടാകും. "വിശ്വസിച്ചാൽ ഇതിലും വലിയവ നീ കാണും" (യോഹ 1,50) എന്ന ഈശോയുടെ വചനങ്ങൾ നമുക്ക് മറക്കാതിരിക്കാം.

ഈ നോമ്പുകാലത്തിൽ ദൈവത്തിന്റെ സ്നേഹപരിപാലന കാട്ടിതന്നവന്റെ, ദൈവഹിതം ഭക്ഷണമാക്കിയവന്റെ ജീവിതം നാം ധ്യാനവിഷയമാക്കുന്നു. ജീവിതത്തിൽ സംഭവിച്ചതെല്ലാം, സംഭവിക്കുന്നതെല്ലാം തന്റെ പ്രിയപ്പെട്ട പിതാവിന്റെ ഇഷ്ടമെന്ന തിരിച്ചറിവിൽ അവയ്ക്കെല്ലാം അവൻ കീഴ്വഴങ്ങി. അന്ന് ലോകത്തിനു മുൻപിൽ അവൻ പരാജയമായിരുന്നെങ്കിൽ ഇന്ന് രണ്ടായിരത്തിൽപരം വർഷങ്ങൾക്കുശേഷം മലമുകളിൽ ഉയർത്തപ്പെട്ട ദീപം പോലെ അവൻ പ്രകാശിക്കുന്നു.

- ◈ അവന്റെ പ്രകാശത്തിൽ പ്രകാശിതരാകാം നമുക്ക്...
- ◈ ഈ നോമ്പുകാലത്തിൽ വിശ്വാസത്തോടെ ദൈവപരിപാലനയിൽ നമുക്കാശ്രയിക്കാം.
- ◈ അത്ഭുതങ്ങൾ ജീവിതത്തിൽ സംഭവിക്കും...തീർച്ച.

> *"നിങ്ങൾ നിങ്ങളുടെ കുരിശ് സന്തോഷപൂർവം വഹിച്ചാൽ അതു നിങ്ങളെ വഹിച്ചുകൊള്ളും". തോമസ് അകെംപിസ്*





# കുരിശിന്റെ വഴി-രക്ഷയുടെ വഴി

പീഡാനുഭവവാരത്തിൽ റോമിൽ മാർപാപ്പാ നേതൃത്വംകൊടുക്കുന്ന *കുരിശിന്റെ വഴി*യിൽ ഓരോ വർഷവും പുതുതായി തയ്യാറാക്കുന്ന പ്രാർത്ഥനകളാണ് ഉപയോഗിക്കുന്നത്. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ നിർദ്ദേശാനുസരണം വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളുടെ വെളിച്ചത്തിൽ തയ്യാറാക്കിയ *കുരിശിന്റെ വഴി*യുടെ സ്ഥലങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്. ഗാനങ്ങളും പ്രാർത്ഥനകളും അതിന്റെ ചൈതന്യത്തോടുചേർത്ത് രൂപപ്പെടുത്തുവാനാണ് ശ്രമിച്ചിരിക്കുന്നു. ലത്തീൻ പാരമ്പര്യത്തിലുള്ള *കുരിശിന്റെ വഴി* എന്ന ഭക്തകൃത്യവും പൗരസ്ത്യസഭകളിൽ നിലവിലിരിക്കുന്ന മിശിഹാരഹസ്യത്തിന്റെ വിവിധ വശങ്ങളുടെ ധ്യാനവും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു *കുരിശിന്റെ വഴി*യാണിത്.

(രീതി: കുരിശിൽ മരിച്ചവനേ)

**ഒന്നാം സ്ഥലം: ഈശോ ഗത്സെമനിയിൽ പ്രാർത്ഥിക്കുന്നു (മർക്കോ 14,32-36).**

മാലാഖ വന്നീടുന്നു നാഥനു
ശക്തി പകർന്നീടുന്നു
താതൻ കനിഞ്ഞേകിയ ഈ കാസ
പൂർണമായ് പാനംചെയ്യാൻ
ആബാ-പിതാവേ നീ മാറ്റാൻ കനിയണേ
ഈ കാസ എന്നിൽനിന്നും
തിരുനിണം ചിന്തി താതഹിതംതേടി
അന്നു നീ പ്രാർത്ഥിച്ചപോൽ
തിരുഹിതമെന്നിലും നിറവേറിടാനായി
കൃപയേകണേ ദിവ്യനാഥാ

*നമുക്കു പ്രാർത്ഥിക്കാം*: ഗത്സെമനിയിൽ ദുഹസമായ മാനസികപീഡയാൽ ചോര വിയർത്ത് താതഹിതം പ്രവർത്തിക്കാനുള്ള ശക്തിയ്ക്കായി പ്രാർത്ഥിച്ച ദിവ്യഈശോയെ, അങ്ങയോടൊത്തായിരിക്കാൻ ഞങ്ങളും ആഗ്രഹിക്കുന്നു. എന്നാൽ ജീവിതവ്യഗ്രതകൾമൂലം നിന്നോടുള്ള സ്നേഹത്തേക്കാൾ മറ്റു പലതിനും ഞങ്ങൾ പ്രാധാന്യം കല്പിക്കുന്നു. പ്രാർത്ഥനാവേളകളിൽ ഞങ്ങൾക്കുണ്ടാകുന്ന വിരസതകളെല്ലാം അകറ്റുവാനും ഞങ്ങളുടെ വേദനാജനകമായ ജീവിതസാഹചര്യങ്ങളെല്ലാം തിരുഹിതമായി കണ്ട് സ്വീകരിക്കുവാനുമുള്ള കൃപാവരം ഞങ്ങൾക്കു നല്കണമേ.

**രണ്ടാം സ്ഥലം: യൂദാസ് ഈശോയെ ഒറ്റിക്കൊടുക്കുന്നു (മർക്കോ 14,43.45-46).**

മുപ്പതു കാശിന്നായി ഗുരുവിനെ
ഒറ്റിക്കൊടുത്തു യൂദാ
ജീവൻ പകർന്നു നല്കി സ്നേഹിച്ച
ഗുരുവിനു സമ്മാനമായ്
കൂടെ നടന്നവൻ വിശ്വാസമില്ലാതെ
സ്നേഹിതനായ് നടിച്ചു
ഹൃദയത്തിൽ വഞ്ചന സ്വാർത്ഥത മാനസേ
ഗുരുസ്നേഹം കണ്ടതില്ല
വിശ്വാസത്തോടെനിൻ വചനങ്ങൾ പാലിക്കാൻ
വരമേകണേ സ്നേഹനാഥാ

*നമുക്കു പ്രാർത്ഥിക്കാം*: സ്നേഹിതനായി കരുതിയ യൂദാസിനാൽ ഒറ്റിക്കൊടുക്കപ്പെട്ട ഈശോയെ, വിശ്വാസികളെന്നു നടിക്കുമ്പോഴും പ്രായോഗിക നിരീശ്വരത്വത്തിന്റെ വിത്തുകൾ ഉള്ളിൽപേറുന്ന ഞങ്ങളിലും യൂദാസിന്റെ മനോഭാവം ഞങ്ങൾ കാണുന്നു. സ്നേഹത്തിനെതിരായ ചിന്തകളും പ്രവൃത്തികളുംവഴി പലപ്പോഴും നിന്റെ പാതവിട്ട് യൂദാസിന്റെ പാത ഞങ്ങൾ പിന്തുടരുന്നു. കരുണ നിറഞ്ഞ ഈശോയെ, യഥാർത്ഥ വിശ്വാസത്തിൽ വളരുവാനും ആത്മാർത്ഥമായി നിന്നെയും സഹോദരങ്ങളെയും സ്നേഹിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

**മൂന്നാം സ്ഥലം: പ്രധാനാചാര്യൻ ഈശോയെ വിധിക്കുന്നു (മർക്കോ 14,55.60-64).**

വിധിയേറ്റു വാങ്ങീടുന്നു ലോകൈക
രക്ഷകൻ വിനയമോടെ
തൻകരവേലയതാം മാനവ
മക്കളാൽ നിന്ദിതനായ്
രാജാധിരാജാനിൻ കൈകളിൽ ലോകത്തിൻ
വിധിയെല്ലാമേകി താതൻ
മാനുഷപുത്രൻ ഞാൻ നിങ്ങൾതൻ വിധിയാളൻ
എന്നന്നു നീ മൊഴിഞ്ഞു
വിധിവാക്കു ചൊല്ലാതെ എന്നെന്നും സ്നേഹിക്കാൻ
വരമേകണേ ലോകനാഥാ

*നമുക്കു പ്രാർത്ഥിക്കാം*:ലോകത്തിന്റെ സ്രഷ്ടാവും വിധിയാളനുമായ ഈശോയെ സൃഷ്ടികളായ മനുഷ്യരാൽ നീ വിധിക്കപ്പെട്ടുവല്ലോ. അന്യരുടെ കണ്ണിലെ കരട് എടുക്കുന്നതിനുമുമ്പ് സ്വന്തം കണ്ണിലെ തടിക്കഷണം എടുക്കാൻ ആഹ്വാനം ചെയ്ത ദിവ്യനാഥാ, സ്വന്തം കുറവുകൾ കണ്ടെത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ഈശോയെ, വിധിതീർപ്പിന്റെ മനോഭാവങ്ങളും മൊഴികളും ഒഴിവാക്കി, 'വിധിക്കപ്പെടാതിരിക്കാൻ നിങ്ങളും വിധിക്കരുത്' എന്ന ദിവ്യവചനം ഹൃദയത്തിൽ ചേർത്തുവച്ച്, കാരുണ്യത്തിന്റെ സാന്ത്വനത്തോടെ സഹോദരങ്ങളെ സമീപിക്കാനുള്ള കൃപ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

**നാലാം സ്ഥലം: പത്രോസ് ഈശോയെ തള്ളിപ്പറയുന്നു (മർക്കോ 14,71-72).**

ഗുരുവിന്റെ മിഴിയിൽനിന്നും സ്നേഹാഗ്നി
ജ്വാലയുയർന്നു വന്നു
കേപ്പായറിഞ്ഞീടുന്നു ഗുരുവിനെ
തള്ളിപ്പറഞ്ഞുപോയ് താൻ
ഇല്ലില്ല നാഥായെൻ ജീവൻ വെടിഞ്ഞാലും
തള്ളിപ്പറയില്ല ഞാൻ
കാരാഗൃഹംവരെ പോരാം ഞാൻ കൂടെ
ജീവൻ വെടിഞ്ഞുകൊള്ളാം
ജീവന്റെ വചനത്തിൻ ഉറവയാം നാഥാ നീ
കനിയേണമേ പാപിയെന്നിൽ

നമുക്കു പ്രാർത്ഥിക്കാം: 'ഞങ്ങൾ ആരുടെ പക്കൽ പോകും? നിത്യജീവന്റെ വചസ്സുകൾ നിന്റെ പക്കലുണ്ട്' എന്നു പറഞ്ഞ പത്രോസ്ശ്ലീഹാ, 'മരിച്ചാലും നിന്നെ ഞാൻ നിഷേധിക്കുകയില്ല' എന്ന തന്റെ വാക്കുകൾ മറന്ന് ഈശോയെ തള്ളിപ്പറയുന്നു. ഈശോയെ, ജീവിതക്ലേശങ്ങളുടെയും സുഖാന്വേഷണങ്ങളുടെയും മധ്യേ പലപ്പോഴും ഞങ്ങളും നിന്നെ തള്ളിപ്പറഞ്ഞുപോകുന്നു. നിന്നെ ഉപേക്ഷിക്കുന്ന ഓരോ നിമിഷവും തിരിച്ചറിഞ്ഞ് അനുതാപക്കണ്ണീരൊഴുക്കുവാൻ ഞങ്ങളെ അങ്ങു സഹായിക്കണമേ.

**അഞ്ചാം സ്ഥലം: പീലാത്തോസ് ഈശോയെ വിധിക്കുന്നു (മർക്കോ 15,14-15).**

'ക്രൂശിക്കതന്നെ വേണം' മുറവിളി
പീലാത്തോസ് കേട്ടീടുന്നു
കൈകൾ കഴുകിയവൻ ഈശോയെ
ക്രൂശിക്കാനായ് വിധിച്ചു
പാപിക്കുവിലയായ് നല്കുന്നു ദൈവത്തിൻ
പരിശുദ്ധൻതൻ ജീവനെ
സത്യമറിഞ്ഞിട്ടും നീതിമാനായോനെ
ക്രൂശിക്കാനായ് വിധിച്ചു
സത്യമാം നാഥാ നിൻ പാതേ ചരിച്ചീടാൻ
ധൈര്യം പകർന്നേകീടേണേ

നമുക്കു പ്രാർത്ഥിക്കാം: ഈശോയെ, സത്യം എന്താണെന്നറിഞ്ഞിട്ടും പീലാത്തോസ് നിന്നെ മരണത്തിനു വിധിച്ചുവല്ലോ. നിത്യവചനമായ അങ്ങു തന്നെയാണല്ലോ സത്യം. സത്യമായ അങ്ങിൽ നിന്നകറ്റുന്ന എല്ലാറ്റിനെയും ദൂരെയെറിയുവാനും അനുഭവിച്ചറിഞ്ഞ സത്യത്തിനുവേണ്ടി ധീരതയോടെ നിലകൊള്ളുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

**ആറാം സ്ഥലം: ഈശോയെ ചമ്മട്ടികൊണ്ടടിക്കുകയും മുൾമുടി ധരിപ്പിക്കുകയും ചെയ്യുന്നു (മർക്കോ 15,17-19).**

മുൾമുടിയണിയിച്ചവർ വസ്ത്രമായ്
ചെങ്കുപ്പായവുമേകി
പ്രഹരിച്ചു ദയയില്ലാതെ തങ്ങൾതൻ
രക്ഷകനായവനെ
'യൂദർതൻ രാജാവേ സ്വസ്തീ നിനക്കിതാ'
പരിഹാസമൊഴിയുയർത്തി
പ്രഹരിച്ചു ശിരസ്സിന്മേൽ, തുപ്പീനിൻ വദനത്തിൽ
മൗനമായ് നീ സഹിച്ചു
തൻ മുറിപ്പാടിനാൽ ഞങ്ങളെ രക്ഷിച്ച
നാഥാ നിനക്കെന്നും സ്തോത്രം

നമുക്കു പ്രാർത്ഥിക്കാം: ദിവ്യനാഥാ, ഞങ്ങളുടെ പാപങ്ങളാണ് അങ്ങയെ പ്രഹരമേല്പിച്ചത്. ചിന്തയിലും ബുദ്ധിയിലും ഞങ്ങൾ ചെയ്ത ദ്രോഹങ്ങളാണ് അങ്ങയെ മുൾമുടിയണിയിച്ചത്. ചിന്തയാലും പ്രവൃത്തിയാലും ഉപേക്ഷയാലും ചെയ്തുപോയ തെറ്റുകളോർത്ത് ആത്മാർത്ഥമായി ഞങ്ങൾ അനുതപിക്കുന്നു. ഒരുതരത്തിലും നിന്നെ ദ്രോഹിക്കാതിരിക്കാൻ ഞങ്ങളെ സഹായിക്കണമേ.

**ഏഴാം സ്ഥലം: ഈശോ കുരിശു ചുമക്കുന്നു (മർക്കോ 15,20).**

മാനവരക്ഷകനാം തിരുനാഥൻ
കുരിശുചുമന്നീടുന്നു
ലോകത്തിൻ പാപമെല്ലാം രക്ഷകൻ
സ്വയമേ വഹിച്ചീടുന്നു
സ്വന്തജനത്തിന്റെ പാപങ്ങളേറ്റവൻ





രക്ഷയവർക്കു നല്കി
തിന്മകൾ ചെയ്തീല ദോഷമോ പറഞ്ഞീല
എങ്കിലും പീഡിതനായ്
പീഡകളേറ്റാലും മൗനം ഭജിച്ചീടാൻ
കൃപയേകണേ സ്നേഹനാഥാ

*നമുക്കു പ്രാർത്ഥിക്കാം*: മനുഷ്യകുലത്തിന്റെ പാപഭാരം ചുമലിലേറ്റിയ ഈശോയെ അങ്ങു ഞങ്ങൾക്കു നേടിത്തന്ന രക്ഷയെ ഓർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. പരിഹാസത്തിന്റെ അടയാളമായിരുന്ന കുരിശിനെ രക്ഷയുടെ ഉപകരണമായി മാറ്റിയ ദിവ്യനാഥാ, അനുദിനജീവിതത്തിൽ ഞങ്ങൾ ഏറ്റെടുക്കേണ്ടിവരുന്ന കുരിശുകളെ സന്തോഷത്തോടെ വഹിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

**എട്ടാം സ്ഥലം: കുരിശുചുമക്കാൻ ശിമയോൻ ഈശോയെ സഹായിക്കുന്നു (മർക്കോ 15,21-22).**

പീഡകളേറെയേകി നാഥന്
കുരിശിന്റെ വഴിയിലവർ
മുറിവുകളേറി വന്നൂ തിരുദേഹം
മൃത്യുവിൻ നാദം കേട്ടു
ജീവനോടെതന്നെ ക്രൂശിൽ തറയ്ക്കാനായ്
പോംവഴി തേടിയവർ
ശെമയോനെ കണ്ടെത്തി കല്പിച്ചു അതിവേഗം
തുണയേകൂ ക്രൂശെടുക്കാൻ
അതിമോദേ ക്രൂശേന്തി നിൻ മാർഗേ നീങ്ങീടാൻ
കൃപയെന്നിൽ ചൊരിയേണമെന്നും

*നമുക്കു പ്രാർത്ഥിക്കാം*: കുരിശുവഹിക്കാൻ സൃഷ്ടിയുടെ സഹായംതേടിയ സ്രഷ്ടാവായ ദൈവമേ, ഭാരമേറിയ കുരിശുപേറി ഞങ്ങൾ തളരുമ്പോൾ സർവശക്തനായ അങ്ങുതന്നെ ഞങ്ങളെ സഹായിക്കുന്നുവെന്ന് ഞങ്ങൾ തിരച്ചറിയുന്നു. നല്ല തമ്പുരാനേ, സഹോദരങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്ന് അവരുടെ കുരിശുകളുടെ ഭാരം കുറയ്ക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

**ഒൻപതാം സ്ഥലം: ഈശോ ജറുസലേം സ്ത്രീകളെ ആശ്വസിപ്പിക്കുന്നു (ലൂക്കാ 23,27-28).**

കുരിശിന്റെ പാതയതിൽ നിന്ദനം
പേറി നടന്നു നാഥൻ
സ്നേഹിതരായ് നടിച്ച ജനമെല്ലാം
കാണികളായി മാറി
ഓർശ്ലേംനഗരത്തിൻ സ്ത്രീകൾ മറന്നില്ല
തങ്ങൾതൻ രക്ഷകനെ
ഒഴുകുന്ന മിഴിനീരും വിങ്ങുന്ന ഹൃദയവും
നാഥനായ് ഏകിയവർ
ഞങ്ങൾതൻ പാപങ്ങൾ ഓർത്തുവിലപിക്കാൻ
നാഥാ നീ കൃപയേകിടേണേ

*നമുക്കു പ്രാർത്ഥിക്കാം*: കാൽവരിയാത്രയിൽ മിഴിനീരൊഴുക്കിയ ഓർശ്ലേം സ്ത്രീകളെ സാന്ത്വനപ്പെടുത്തിയ നാഥാ, ഞങ്ങൾക്കായി അങ്ങ് ഏറ്റെടുത്ത പാടുപീഡകളെ ധ്യാനിച്ച് സ്നേഹത്തോടെ അങ്ങയെ അനുഗമിക്കുവാനും ഞങ്ങളുടെയും മനുഷ്യകുലംമുഴുവന്റെയും പാപങ്ങളോർത്ത് പാപങ്ങളോർത്തു പശ്ചാത്തപിച്ച് രക്ഷയുടെ പാതയിൽ ചരിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

**പത്താം സ്ഥലം: ഈശോ കുരിശിൽ കിടന്നു മരിക്കുന്നു (യോഹ 19,26-27).**

'താതാ പൊറുക്കേണമേ ഈ ജനം
അറിയാതെ ചെയ്ത പാപം'
കള്ളനോടായ് മൊഴിഞ്ഞു 'നീയിന്നു
പറുദീസ തന്നിൽ വാഴും'
'എൻ ദൈവമേയെന്നെ കൈവിട്ടതെന്തിന്'
പ്രാർത്ഥിച്ചു താതനോടായ്
അമ്മയ്ക്കു സുതനായി ശിഷ്യനെയേകി
അമ്മയെ ശിഷ്യനുമായ്
എല്ലാം നിറവേറി, താതാനിൻ തൃക്കയ്യിൽ
എന്നാത്മം ഞാനേകിടുന്നു

*നമുക്കു പ്രാർത്ഥിക്കാം*: കുരിശിൻ മുകളിൽ തീവ്രസഹനത്തിൽ പിടയുമ്പോഴും ദ്രോഹിച്ചവരോടു പൊറുക്കുകയും നല്ല കള്ളന് പറുദീസാ വാഗ്ദാനംചെയ്യുകയും അമ്മയെ ഏകയായി ഉപേക്ഷിക്കാതെ ശിഷ്യനെ ഭരമേല്പിക്കുകയും ചെയ്തുകൊണ്ട് ജീവൻവെടിഞ്ഞ ഈശോയെ, മരണത്തോളമെത്തുന്ന ജീവിതവേദനകൾക്കിടയിലും ക്ഷമയുടെയും മറ്റുള്ളവരോടുള്ള കരുതലിന്റെയും ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും പാതയിൽക്കൂടിമാത്രം ചരിക്കാൻവേണ്ട കൃപ ഞങ്ങൾക്കു തരണമേ.

**പതിനൊന്നാം സ്ഥലം: ഈശോയെ കുരിശിൽനിന്നിറക്കുന്നു (മർക്കോ 15,14-15).**

കുരിശിൽഞാനുയർന്നീടുമ്പോൾ ഏവരേം
എന്നിലേക്കാകർഷിക്കും

പൂമൊട്ടുകൾ

അരുളിയ വചനമെല്ലാം നിറവേറി
താതഹിതം പൂർത്തിയാക്കി
മൃത്യു വരിച്ചതാം ഈശോതൻ തിരുമേനി
താഴെയിറക്കിയവർ
ബലവാനാം പരിശുദ്ധൻ ബലഹീനനായിതാ
മർത്യർതൻ കൈകളതിൽ
ബലഹീനനേരത്ത് നിൻ ചാരെ വന്നീടാൻ
സർവ്വേശാ കൃപയേകിടേണേ

*നമുക്കു പ്രാർത്ഥിക്കാം*: 'കുരിശിലുയർത്തപ്പെടുമ്പോൾ ഞാൻ സകലരെയും എന്നിലേയ്ക്കാകർഷിക്കും' എന്നരുൾച്ചെയ്ത ദിവ്യനാഥാ, കുരിശിൽ അങ്ങയുടെ സ്നേഹം ഞങ്ങൾ ദർശിക്കുന്നു. അങ്ങയെ കുരിശിൽനിന്നിറക്കിയ അരിമത്തിയാക്കാരൻ ജോസഫിനെപ്പോലെ, വേദനനിറഞ്ഞ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകുന്ന ഞങ്ങളുടെ സഹോദരങ്ങളെ ഞങ്ങൾക്കാവുംവിധം സഹായിക്കുവാനും അവരുടെ വേദനകളിൽ പങ്കുചേർന്ന് അവരെ ആശ്വസിപ്പിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ.

**പന്ത്രണ്ടാം സ്ഥലം: ഈശോയെ കല്ലറയിൽ സംസ്കരിക്കുന്നു (മത്താ 22,59-60).**

ജീവൻ പകർന്നേകിയ നാഥന്റെ
മൃതദേഹമേറ്റു വാങ്ങി
സംസ്കരിച്ചീടുവാനായ് നീങ്ങുന്നു
യൗസേപ്പു സ്നേഹമൊടെ
ആചാരമുറപോലെ ലേപനംചെയ്തു
കല്ലറതന്നിൽ വച്ചു
മാമ്മോദീസായിൽ മൃതരായ് നിന്നൊപ്പം
ഉത്ഥാനംചെയ്തീടുവാൻ
ലോകത്തിനായ് ഞങ്ങൾ മൃതരായീടാനായും
വരമേകണേ സ്നേഹനാഥാ

*നമുക്കു പ്രാർത്ഥിക്കാം*: മരണത്തിനുറപ്പെന്നോണം സംസ്ക്കരിക്കപ്പെട്ട ഈശോയെ, മാമ്മോദീസായിലൂടെ അങ്ങയോടൊപ്പം മരിച്ച് സംസ്ക്കരിക്കപ്പെട്ടവരാണെന്ന യാഥാർത്ഥ്യം എപ്പോഴും ഓർമ്മിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ലോകത്തിനു മരിച്ചവരായ ഞങ്ങൾ ലോകത്തിന്റേതായതൊന്നും ആഗ്രഹിക്കാതെ അങ്ങേയ്ക്കുവേണ്ടിമാത്രം ജീവിക്കുവാൻ അനുഗ്രഹമേകണമേ.

**പതിമൂന്നാം സ്ഥലം: ഈശോ പാതാളത്തിലിറങ്ങുന്നു (മത്താ 27,51-52).**

മൃത്യുവരിച്ച നാഥൻ പാതാളേ
ചെന്നെത്തി രക്ഷയുമായ്
മൃതരായോർക്കെല്ലാവർക്കും ആനന്ദം
പകരുന്നു പ്രത്യാശയും
ആദിപാപത്തിൽ മൃതരായോർക്കെല്ലാം
പ്രത്യാശയേകി നാഥൻ
പറുദീസാതൻവാതിൽ തുറന്നവർക്കേകുന്നു
ജീവനും ആമോദവും
നന്മകൾ ചെയ്തുനിൻ ജീവനിൽ ചേരുവാൻ
വരമേകണേ ലോകനാഥാ

*നമുക്കു പ്രാർത്ഥിക്കാം*: സർവലോകത്തിന്റെയും രക്ഷകനായ കർത്താവേ തനിക്കുമുമ്പ് മൃതരായ എല്ലാവർക്കും രക്ഷയും സ്നേഹവും ഏകുവാനായി അങ്ങ് പാതാളത്തിലേക്ക് ഇറങ്ങിയല്ലോ. പാപമാകുന്ന മരണഗർത്തത്തിൽവീണുപോയവർക്ക് കരുണയും സ്നേഹവും ക്ഷമയുംനല്കി അങ്ങയുടെ സ്നേഹത്തിലേക്കും രക്ഷയിലേക്കും ആനയിക്കുവാനുള്ള കൃപ ഞങ്ങൾക്കു നല്കണമേ.

**പതിനാലാം സ്ഥലം: ഈശോ ഉത്ഥാനം ചെയ്യുന്നു (മർക്കോ 16,1-2,5-7).**

മരണത്തെ കീഴടക്കി രക്ഷകൻ
ഉത്ഥാനം ചെയ്തീടുന്നു
സാത്താൻ തകർന്നടിഞ്ഞു മൃത്യുവും
അപജിതമായ് ഭവിച്ചു
'നിങ്ങൾ നശിപ്പിക്ക എന്നുടെയാലയം
പണിയും ഞാൻ മൂന്നു നാളിൽ'
അരുൾച്ചെയ്തപോൽനാഥാ മരണത്തെ തോല്പിച്ച്
ഉത്ഥാനം ചെയ്തുവല്ലോ
ഉത്ഥിതനേകുന്ന ശാന്തിയിൽ ജീവിക്കാൻ
വരമേകണേ സ്വർഗതാതാ

*നമുക്കു പ്രാർത്ഥിക്കാം*: സാത്താനെയും മരണത്തെയും കീഴടക്കി ഉത്ഥാനംചെയ്ത കർത്താവേ, ഞങ്ങളുടെ ജീവിതം ഈ ലോകംകൊണ്ട് തീരുന്നതല്ല എന്ന ഉറച്ചബോദ്ധ്യത്തോടെ നിത്യജീവിതത്തിനായി സമ്പാദ്യങ്ങൾ തേടുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. മരിച്ചുയിർപ്പിക്കപ്പെട്ട് സകല വിശുദ്ധരോടുമൊപ്പം സ്വർഗത്തിൽ അങ്ങയെ പാടിപ്പുകഴ്ത്തുവാൻ ഇടയാക്കുകയും ചെയ്യണമേ.





RNI: KERMAL/2014/59983 PRATHEEKSHAYUDE POOMOTTUKAL Registered: KL/KTM/72/2015-17
Published on (Malayalam Monthly) Licensed to post without prepayment
24th February 2017

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ഞങ്ങളുടെ പാപപരിഹാരാർത്ഥം
സ്ലീവാമരണത്തോളം താഴുവാൻ
തിരുമനസ്സായ മ്ശിഹായേ, ശൂന്യ
വത്ക്കരണത്തിന്റെയും ആത്മസമർപ്പണ
ത്തിന്റെയും അമൂല്യത ഞങ്ങളെ പഠിപ്പിക്ക
ണമേ. നോമ്പിന്റെ യഥാർത്ഥ ചൈതന്യ
ത്തിൽ അഹങ്കാരവും സ്വാർത്ഥതയും
കൈവെടിയുവാനും വിനയത്തിന്റെയും
സത്പ്രവൃത്തികളുടെയും മാർഗ്ഗത്തിലൂടെ
ചരിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ."
(എന്താനാ, നോമ്പുകാലം-ശനി)

Printed, Published & Owned by Annamma Kulathupurayidom, Spiritualy Centre, Manganam P.O,
Kottayam - 686 018, Printed at WiGi Printers, Manganam P.O,
Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published
at Spiritualy Centre, Manganm P.O, Kottyam - 686 018,Ph:0481- 2578192, Email; psmktm @ gmail com.
Editor : Fr. Mathew Vellanickal